The Programme included a seminar on "Higher Education in 12th Five Year Plan, The Agenda, and Roles of teachers & Teachers' Movement". More than twenty erudite papers have been presented by leaders as well as members.Prof.Sudhanshu Bhusan, Head, Higher Education, NUEPA, New Delhi presented a brilliant Key note Address. His was a remarkable analysis of the Plan agenda and the necessity to make the program effective. The Conference congratulates the speakers and participants.

The AIFUCTO in its General council meeting held on 15th, 16th

and 17th December, 2012, deliberated on various issues concerning higher education in the States and



## Movement Resolution

The Conference strongly opposed the ad-hocism in higher education reflected in the appointment of part time, contractual and guest teachers and not filling the vacant posts for years. The AIFUCTO also strongly opposed growing privatization in higher education, and deplored the plight of teachers in private institutions, most glaring in the private engineering colleges. The Conference reiterated our professional demands including CAS, and payment of arrears by States.

The Conference resolved to continue to oppose the PFRDA bill, the educational bills including Foreign university Bill pending before Parliament. It condemned the non-inclusion of teachers' bodies in taking policy decisions and the arrogant decision of GOI in presenting FDI Bill in Parliament. The speakers poured their disapproval and anger against the Government's intransigent attitude in these matters. The AIFUCTO reiterated the necessity of a united movement against the retrograde policies of state & Central governments. The Conference, in its conclusion resolves to adopt appropriate action program to be decided by the NEC and to be held in Delhi & state capitals to stall the retrograde moves of the govt. both inside and outside Parliament.

The AIFUCTO demanded that the Government consult, without fail, the Organization before framing any policy on higher education.

The Conference also resolved to support and participate in the nation wide strike in Februaqry, 2013 called by the central Trade unions opposing various neo-liberal policies of government of India resulting in price rise, curtailing trade union rights and downsizing or abolition of social security schemes.

The Conference resolved to take forward its glorious 50 years Journey for the cause of public funded higher education which is the only custodian of the poor and downtrodden.

സർവ്വകലാശാല - കോളേജ് അധ്യാപക സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ ഐഫക്ടോ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല സമാപന സമ്മേളനം 2013 ഡിസംബർ 7ന് എറണാകുളം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് സി.ഐ. ടി. യു സംസ്ഥാന പ്രസിഡന്റ് സ. കെ. എൻ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. സ. സി. എം. ദിനേശ്മണി,ജോയ്ജോബ് കുളവേലിൽ പ്രൊഫ. വി. എൻ. ചന്ദ്രമോഹൻ, പി. എം. ഇസ്മയിൽ, പി. ജി. ശശീന്ദ്രൻ, ഡോ. കെ. ശ്രീവത്സൻ, പ്രൊഫ. കെ. ജയകുമാർ, ഡോ. കെ. ശ്രീകുമാർ, പ്രൊഫ. പി. രഘുനാഥ്, പ്രൊഫ. കെ. സിദ്ധാർത്ഥൻ തുടങ്ങിയവർ സംസാരിച്ചു.








# SAVE US!

# ഇരകൾ വീണ്ടും വേട്ടയാടപ്പെടുന്നു

**നിശാന്ത് എ.**
*പയ്യന്നൂർ കോളജ്, പയ്യന്നൂർ*



വേട്ടക്കാരുടെ കാലമാണിത്. അവർ അതീവ സമാർത്ഥ്യത്തോടെ രക്ഷപ്പെടുകയും ഇരകൾ നിരന്തരം വേട്ടയാടപ്പെടുകയും ചെയ്യുന്ന സാംസ്കാരിക ദുരവസ്ഥ ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്നു. 17 വർഷം മുമ്പ് നിരവധിയാളുകളാൽ ശാരീരികമായി പീഢിപ്പിക്കപ്പെട്ട പെൺകുട്ടി ഇന്നും പീഢനത്തിനിരയായിക്കൊണ്ടിരിക്കുന്നു. ഇത് കേവലം സൂര്യനെല്ലി വിഷയമല്ല. രാജ്യത്തെവിടെയും ലൈംഗീക പീഢനത്തിന് വിധേയരാകുന്നവരുടെ പൊതുസ്ഥിതി ഇതു തന്നെ.

സൂര്യനെല്ലി വിഷയത്തിൽ പ്രതികളെ വെറുതെ വിട്ട ഹൈക്കോടതി വിധിയെ കടുത്ത ഭാഷയിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഇപ്പോൾ വിമർശിച്ചത്. കേരള മനസ്സിനേററ മുറിവ് വൈകിയെങ്കിലും ഉണങ്ങുന്നതിനിടെയാണ് ഭരണകൂടത്തിന്റെ സ്വാധീനമുപയോഗിച്ച് വേട്ടക്കാർ രക്ഷപ്പെടാൻ വീണ്ടും ശ്രമിക്കുന്നത്. രാജ്യസഭാ ഉപാധ്യക്ഷൻ കൂടിയായ പ്രതി പി. ജെ കുര്യനെ രക്ഷിക്കാൻ സ്വന്തം പാർട്ടിയായ കോൺഗ്രസ്സ് മാത്രമല്ല, അതിനേക്കാളുമേറെ ബി. ജെ. പി തന്നെ ഉത്സാഹിക്കുകയാണ്.ഇന്ത്യൻ ജനാധിപത്യത്തിന് ഇത്രയേറെ കളങ്കമേൽപിക്കുന്ന കൂട്ടുകെട്ട് അത്യന്തം അപകടകരമാണ്. രാജ്യതാല്പര്യത്തിന് വേണ്ടി ഒരു പൊതു വിഷയത്തിൽ പോലും കാണിക്കാത്ത ഈ ഭരണ- പ്രതിപക്ഷ ബഹുമാനപാരസ്പര്യം സ്ത്രീ പീഢന വിഷയങ്ങളിൽ എങ്ങനെ വരുന്നുവെന്നത് രാഷ്ട്രീയ വിശകലനം ചെയ്യേണ്ടുന്ന ഒന്നു തന്നെയാണ്. കോൺഗ്രസ്സാകട്ടെ വ്യക്തമായ നിലപാടില്ലാതെ ഇരുട്ടിൽ തപ്പുകയാണ്. പെൺപീഢനക്കാരെ സംരക്ഷിക്കുന്ന സംഘമായി സംഘപരിവാരം മാറുകയാണ്. ഒരക്ഷരം ഉരിയാടാനാകാതെ മഹിളാ കോൺഗ്രസും മോർച്ചയും മാറുന്നു.

സൂര്യനെല്ലി പെൺകുട്ടി മുമ്പ് ബാലവേശ്യയായിരുന്നുവെന്നും ചെറുപ്പത്തിലേ വഴി പിഴച്ചവളാണെന്നുമുള്ള മുൻ ജസ്റ്റിസ് ബസന്തിന്റെ പരാമർശം (ഒപ്പിയെടുത്തത് ഒളി ക്യാമറയാണെങ്കിലും) അത്യന്തം പ്രതിഷേധമുളവാക്കുന്നതാണ് പിന്നീട് ഒളിക്യാമറയെപ്പററി മാത്രം ചില മാധ്യമങ്ങൾ ചർച്ച ചെയ്തതും മാധ്യമധർമ്മത്തിന് നിരക്കുന്നതല്ല. അധാർമ്മികമായ പ്രസ്താവന നടത്തിയത് ലോകം കണ്ടതറിഞ്ഞപ്പോൾ മാധ്യമ പ്രവർത്തനത്തിന്റെ ധാർമ്മികതയെപ്പററി വാതോരാതെ പ്രസംഗിക്കാൻ ബസന്ത് ഒരു മടിയും കാട്ടിയില്ല. പ്രസംഗത്തിന് കൈയടി നൽകാൻ നീതിന്യായ വ്യവസ്ഥക്കകത്ത് പ്രവർത്തിക്കുന്ന അഭിഭാഷകവൃന്ദം തയ്യാറായി എന്ന വർത്തമാനകാല ദുരവസ്ഥയും നമ്മൾ കാണേണ്ടതുണ്ട്. പ്രതിഷേധിച്ചവർ അവിടെയും ഇരകളായി.

ഡൽഹിയിൽ പാരാമെഡിക്കൽ വിദ്യാർത്ഥിനിയെ ഓടുന്ന ബസ്സിൽ വെച്ച് പലർ ചേർന്ന് ബലാൽസംഗത്തിനിരയാക്കി കൊലപ്പെടുത്തിയത് രാജ്യത്താകെ വൻ പ്രതിഷേധമുണ്ടാക്കി. സ്ത്രീ സുരക്ഷ ശക്തിപ്പെടുത്തേണ്ടതിന്റെ ഭാഗമായി നിയമങ്ങൾ കർശനമാക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാണിച്ച പ്രതികരണങ്ങളാണ് എവിടെയും ഉയർന്നത്. സ്ത്രീകൾക്ക് സമൂഹത്തിൽ ലഭിക്കുന്ന കീഴാള പദവി, പുരു



ഷാധിപത്യ പ്രവണതകൾ, അവകാശ നിഷേധങ്ങൾ എന്നിവയോടുള്ള സമീപനങ്ങൽ മൂർച്ചപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

നവലിബറൽ നയങ്ങൾ സ്ത്രീകളുടെ സാമ്പത്തികാവകാശങ്ങളെ കൂടുതലായി പാർശ്വവൽക്കരിക്കാനാണ് സഹായിച്ചത് ഇത്തരം നയങ്ങൾ രൂപം നൽകിയ വിപണി സംസ്കാരം അഥവാ ഉപഭോഗ വ്യവസ്ഥിതി പെണ്ണിനെ ലൈംഗികോപകരണങ്ങൾ മാത്രമായി ഉയർത്തിക്കാണിക്കുന്നു. നമ്മുടെ മാധ്യമങ്ങൾ പുരുഷനെ കേന്ദ്രീകരിച്ച മറെറാരു അധികാര വ്യവസ്ഥ തന്നെയായതിനാൽ സ്ത്രീയെ അത്തരത്തിൽ തന്നെ പ്രദർശനവസ്തുവാക്കുന്നു. പരസ്യലോകം സ്ത്രീയെ ഒരു രഹസ്യവുമില്ലാത്തവളാക്കുന്നു. ഗ്രാമീണ ജീവിതക്രമത്തിൽ സ്ത്രീകൾക്കെതിരെ കുററകൃത്യങ്ങൾ നടക്കുന്നില്ലെന്നും പാശ്ചാത്യ ജീവിത രീതിയാണ് അതിക്രമങ്ങൾക്ക് കാരണമെന്നും ആർ. എസ്. എസ് മുഖ്യനായ മോഹൻ ഭഗവത് പ്രസ്താവിക്കുകയുണ്ടായി. സമാനമായ പ്രതികരണങ്ങൾ ചില മതസംഘടനകളും നടത്തി. സ്ത്രീകൾ പുറത്തു പോകുന്നതു കൊണ്ടാണ് പീഢനങ്ങൾ നടക്കുന്നത് എന്നും സ്ത്രീകളുടെ ഇടം വീട്ടിനകമാണെന്നും പറയുന്ന നിലവാരത്തകർച്ച നേരിട്ടു കൊണ്ടിരിക്കുകയാണ്. ബി.ജെ.പി - കോൺഗ്രസ് നേതൃത്വം. തീർത്തും അപരിഷ്കൃതമായ പഴഞ്ചൻ മനോഭാവത്തിന്റെ ഉടമകളാണ് ഇത്തരം നേതൃത്വം.



സമൂഹത്തിന്റെ സർവ്വമേഖലകളിലും നിലനിൽക്കുന്ന പുരുഷമേധാവിത്വത്തിനെതിരെയും അധികാര വ്യവസ്ഥിതിക്കെതിരെയും വമ്പിച്ച പ്രതികരണങ്ങളും ഇടപെടലുകളും ഉയർന്നു വരേണ്ടതു തന്നെയാണ്.

ജീവിതരീതികളോ ധരിക്കുന്ന വസ്ത്രമോ അല്ല സ്ത്രീകൾക്കെതിരെ , പെൺകുട്ടികൾക്കെതിരെ പുരുഷാതിക്രമങ്ങൾ വർധിപ്പിക്കുന്നതെന്ന സാമാന്യബോധം കൂടി ഇത്തരം ഇടപെടലുകളിൽ കൂടി ഉറപ്പുവരുത്തേണ്ടതായുണ്ട്. സ്ത്രീ ഇന്ന് സ്വയം പ്രഖ്യാപിക്കുന്ന സ്വാതന്ത്ര്യം ഉറപ്പാക്കപ്പെടണമെങ്കിൽ പുരുഷൻ തന്റെ അധികാര പ്രയോഗത്തിൽ ബോധപൂർവ്വം അയവ് വരുത്തിയേ പററൂ. പുരുഷാധിപത്യത്തിന്റെ യുക്തിരഹിതമായ നിലപാടുകളായേ, സ്ത്രീവിരുദ്ധ ചിന്തകളുടെ പാരമ്യാവസ്ഥയായേ (ഇൻ) ജസ്റ്റിസ് ബസന്തിന്റെയൊക്കെ വാക്കുകളെ കാണാനാകൂ.

## ആദരാഞ്ജലികൾ



പ്രൊഫ. ഡി.വിനയചന്ദ്രന്
എ.കെ.പി.സി.ടി.എ.യുടെ
ആദരാഞ്ജലികൾ



# From the Margin to the Centre

## Overcoming Gender Disparity

**Dr. Sheena Eapen**

*St. Thomas College, Kozhencherry*



Gender discrimination replicates itself from generation to generation to violate the rights of women. In this new era of awakening, the concept of human rights has become a part of social and political consciousness. According to U.N. Gupta, "Human rights is relatively a latecomer term ....It encompasses those human values also which go to build human existence with dignity and minimum of basic amenities, such as freedom from torture, freedom from poverty and hunger or freedom from discrimination based on gender, race or religion" (The human rights comventions and Indian law - P:5). When the United Nations introduced the Universal Declaration of Human Rights in 1948, it was seen by many as a sign of optimism of the possibilities of a better world. But 64 years after this declaration observers recognize that we still live in an age when human rights abuses are as prevalent as they have ever been.

In 1993, the United Nations General Assembly adopted the UN Declaration on the Elimination of Violence against women. Article 3 of the Convention says:-

"Women are entitled to the equal enjoyment and protection of all human rights and fundamental freedom in the political, economical, social and cultural and civil or any other field. These rights include:-

a. The right to life
b. The right to equality
c. The right to liberty and security of a person
d. The right to equal protection under the law
e. The right to be free from all forms of discrimination
f. The right to highest standard attainable of physical and mental health
g. The right to just and favourable conditions of work
h. The right not to be subjected to torture or other cruel, inhuman or degrading treatment or punishment (Quoted from U.N. Gupta's The Human Rights Conventions and Indian law)

The United Nations Declaration becomes meaningful when everybody everywhere enjoys human rights. The worth of all human beings depends on the equal rights of men and women or social, economic and cultural justice for every person. Indian constitution spells out the equality of

every citizen. When the United Nations Assembly brought out the Declaration of Human Rights, India readily accepted all those clauses on freedom, fraternity and equality. The makers of our constitution added justice to the trio, but there has been a certain lack of political will to take into account half of the population for their civil and political rights. Almost a century has passed after the starting up of strong women's liberation movement, wemen are still struggling to achieve the kind of gender equality they want.

**Invisibility of Women**

After 65 years of independence and the presence of a women's movement for about 30 years in India, the invisibility of women in every walk of public activity continues. Our legal system tries to uphold the dignity of women by making innovations with the changing society to keep up a just social order. Although law has a binding nature it is violated many a time. According to Manusmriti, "Yatra Naryastu Poojyante Ramante Tatra Devata" which means God dwells where women are respected. The Universal Declaration of Human Rights also says that motherhood and childhood are entitled to get special care and assistance. But still the victimization continues. The former secretary general of UN Mr. Kofi Annan remarked - "short-changing girls is not only a matter of gender discrimination; it is bad economics and bad societal policy. Experience has shown over and over again that investment in girls' education translates directly and quickly into better nutrition for the whole family, better health care, declining fertility, poverty reduction and better overall economic performance".

A statistics cited by the UN shows the appropriate account of the gender discrimination in today's society.

a. Of the more than 110 million children not in school approximately 60 percent are girls.
b. In some countries in sub-Saharan Africa, adolescent girls have HIV rate up to five times as high as adolescent boys.
c. Pregnancies and childbirth related health problems take the lives of nearly 146,000 teenage girls each year.
d. At least one out of three girls and women worldwide has been beaten or sexually abused in her life time.
e. An estimated 450 million adult women in developing countries are stunted, a direct result of malnutrition in early life. (Quoted from girl and Gender discrimination, Loya Maisnam published in the Internet, e-pao.net). According to a statistics, the national Human Rights Commission in India had registered 23608 complaints of violation of Human Rights of women, including trafficking between April 2007 and January 2011 (Report in Hindu March 09, 2011). As per the 2008 publication by the UN Development Fund for women, Who Answers to Women? brought out revealing statistics; women earn 17% less than men; violence affects between 10 and 60 percent of women and girls; worldwide women are outnumbered two in one in political parties and four to one in elected legislatures.

**The Negligence and Deprivation of Human Rights Related to Women**

Rural women are often deprived of human rights. According to Ban Ki Moon, the Secretary General of the U N, "Many rural women have limited access to life saving resources" (The Hindu, October 17, 2009). Many rural women and girls are not in school and they lack equitable access to the decision making process, meaning that their voices are not heard. Economic independence is an important step in enhancing women's Status. But in many situations even when women contribute substantially to family income through paid and unpaid labour, there is no guarantee that they will be respected or spared violance and abuse within the family. Unfortunately Governments and employers fail to recognise this gender dimension of economics. According to Anne F. Stenhammer, Regional programme director UN Women South Asia - "India has an estimated 40 million widows and their lives are often in poverty neglect and deprivation (Hindu March 09, 2011)

Likewise in the field of education especially in the field of higher education very few women are on top levels such as Vice Chancellor/Principal/ Dean, eventhough a large number of women choose teaching as their profession. More women should be brought forward for ensuring a just and equitable society. The First Woman Collector and Chief Secretary of Kerala Smt. Padma Ramachandran in her article on 'Women in Administration of Higher

Education' says that women should be in administrative positions in higher education institutions and universities as in all spheres of activity, they have to be treated like any other human being whose aspirations must be given opportunities for fulfillment. Everywhere in every activity of decision making women's viewpoints and experience, as much as men's need to be captured for the decision to be balanced and complete (The Hindu Sept. 16, 2003). For this to be made a reality, a gender friendly environment has to be created. Gender sensitization in every profession is urgent and necessary. The representation of women at all levels of policy making bodies and committees should be increased. The capacity of women in management needs to be strengthened.

**The Role of Women's Studies**

It is at this hour of need that the role of women's studies should be taken as a medium for empowering women in all spheres of life. Women's studies in India about three decades of existence have its role in public policies and programmes for women. It has made tremendous inroads into people's thinking and their attitude to the role, contributions, capabilities and issues of women. The contribution of women's study centers both inside and outside the university system has now been widely appreciated (Women's studies perspectives by Prof.Susheela Kaushik,UGC).

The main objectives of the women studies can be elaborated as

1. To conscientise both men and women about the multidimensional roles played by women in society.
2. To contribute to the pursuit of human rights
3. To investigate the cause of gender disparity and sensitization about discrimination
4. To empower women in their attempts for equality
5. To impart knowledge of women's rights
6. To make invisible women visible

**Making Women Visible**

Programme such as capacity building of women managers in Higher Education sponsored by UGC is a major example of sensitization. The objective of this programme is to empower and create a critical mass of women to undertake responsibility for decision making position in Higher Education. Research on women has brought about tremendous new insights into women status, work, contribution and conditions. The university grants commission, ICSSR and DST and many other research funding agencies have moved to sponsor research on a large scale. From its very beginning Women's Studies in India has recognized the close connections with social work and community action,. It is also an effective instrument to learn about the social conditions and status of women, the patriarchal values and practices, direct and indirect results of violence, injustice, denial of basic rights and social inequalities. Collaborative research works has been undertaken by these centers on various topics like family and girl child, participation of women in electoral politics, women's participation in panchayat raj in India, with the support of the department of women and child development, government of India. National commission for women proved their efficacy in research and decision making. Many university based Women's Studies Centers are collaborating with the national and state commissions for women as members of their various committees, research consultants and resource persons in workshops. Thus many centers have succeeded to a great extent in performing their role of social engineering.

Just like the Women's Study Centers in higher education system, the Commonwealth and UN offers good practices and lessons for the advancement of women. In Feb 2008, UN Secretary General launched a multi- year campaign to increase public awareness for preventing violence against women and girls. The creation of United Nations Women an agency that has worked for gender equality across the world, formally known as the United Nations Entity for Gender Parity and the Empowerment of Women is the UN's most ambitious effort to achieve gender equality. Over the past three decades the international community has made a number of commitments to promote gender equality and eliminate discriminations against women by holding conventions such as Elimination of Discrimination against Women, Beijing Plat form for Action 1995 and Millennium Summit 2000 etc. Even after all these efforts for the empowerment of women in both the developing and developed countries, women continue to be

underrepresented in the decision making and leadership spheres. A very slow change can be witnessed in some countries where women are participating in areas of public life where they were not previously visible. India is one of the first countries to have a woman Prime Minister as well as a Woman President. The Speaker of Lok Sabha, ruling coalition Chair Person and Leader of Opposition are women. Apart from this an increased number of women MPs, Women Ministers, 50% of the seats in local self government institutions for women can be observed as an example of achieving parity. Even then 33% of reservation for women in Parliament and State Assemblies is still a dream. The positions of women in Bermuda can also be taken as an example. In its 400th year of settlement even though there are few women in the house of assembly and senate they hold important positions like deputy premier ,finance minister, whip, deputy speaker, attorney general etc. 'Even though the women in Bermuda have overcome obstacles posed by class, race and gender and made giant inroads in political process, there is need to encourage more women's participation particularly as candidates for elected office' (The Parliamentary Issue on Bermuda Commonwealth Parliamentary Association, 2009). Despite legal protection and social economic progress, gender equality in many countries, especially in India the largest democracy in the world is a myth.

In brief, the main factors holding women back from achieving rights is the patriarchal power structure. According to Kashmala Tariq, the former Chairperson of the Commonwealth Women Parliamentarians, "No country in the world, no matter how advanced has achieved true gender equality as measured by comparable decision making power, equal opportunities for education and advancement and equal participation and status in all walks of human endeavor. Gender disparities exist even in countries without glaring male domination" (Quoted form Eliminating Discrimination Against Women, the Parliamentarian Issue I 2009). As a whole we can say that after all the efforts made by women's movements, there is still a glass ceiling for women in most professions. Gender disparities and discriminations are facts that cannot be denied. We can hope that the positive action and awareness - raising campaigns by the UN Women, Commonwealth Secretariat, other women's movements for women by women and the efforts taken by CWS can reverse cultural stereotypes and promote a more gender friendly atmosphere in society. To conclude, education is the tool that can help break the pattern of gender discrimination and bring great change for women in developing countries. Thus educated women are essential for wiping out gender bias.

## ഡോക്ടറേറ്റ്



കേരള സർവ്വകലാശാലയിൽ നിന്നും രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് രസതന്ത്ര വിഭാഗം അധ്യാപകൻ **ജയിംസ് ടി. ജോസഫ്.** ഡോ. വി.എസ്. പ്രസാദ് (NIIST, TVM) , ഡോ. സാം സോളമൻ (SJC, Anchal) എന്നിവരുടെ മേൽനോട്ടത്തിൽ ആയിരുന്നു ഗവേഷണം



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ഹിസ്ററിയിൽ ഡോക്ടറേറ്റ് നേടിയ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജ് ചരിത്ര വിഭാഗം അധ്യാപകൻ **ഡി.പി ഗോഡ്വിൻ സാംരാജ്.** "Socio Economic Reconstruction Of Kerala Under the First Communist Government" എന്ന വിഷയത്തിൽ കോഴിക്കോട് സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പിൻെറ മേൽനോട്ടത്തിൽ ആയിരുന്നു ഗവേഷണം



# Religious Ethics and the Dignity of Life

**Dr. Vinitha Mohan**
*NSS College For Women, Karamana*



Few ethical issues are bitterly fought over today as abortion. Now it is again ignited due to an Indian woman's fatal death in Ireland. Until 1967, abortion was illegal in almost all the western democracies except Sweden and Denmark. Western European nations, including Roman Catholic countries like Italy, Spain and France, all liberalized their abortion laws. Only the republic of Ireland held out against the trend. While abortions are legal in most of the countries today, the grounds on which they are permitted vary. According to the United Nations publication *World Abortion Policies 2011* abortion is allowed in most countries in order to save a woman's life (97% of countries). Other commonly accepted reasons are preserving physical (67%) or mental health (63%). Abortion in the case of rape or incest is accepted in about half of all countries (49%), and performing them because of economic or social reasons in about a third (34%). Performing abortion only on the basis of a woman's request is allowed in 29% of all countries, including in North America and in most European countries.

Savita Halappanavar an Indian dentist, died in the University Hospital Galway in western Ireland where she was presented with back pain, and was found to be miscarrying. A day of agony later, knowing her pregnancy couldn't survive, she asked for a termination, but was refused. "This is a Catholic country," she was allegedly told. Savita objected that she was neither Irish nor a Catholic: a futile attempt to appeal for choice over what was happening to her body. But her appeal to value her life over an insentient foetus's heartbeat was ignored. There is no abortion on the pope's own island and she had no time to get to England. As long as the foetal heart kept beating doctors would not grant her wish. It beat for three days. She vomited, shook and collapsed. On the third day the weak sound faded to nothing and doctors removed the dead foetus. A week after she was first admitted to hospital, Savita Halappanavar died of septicaemia.

Symbolism is all. Ireland has abortion rates that are typical of Western Europe (albeit that the vast majority of Irish terminations are performed in Britain). Women are entitled to information on abortion services and to travel for terminations. What remains utterly distinctive about Ireland is its refusal to acknowledge that fact. The symbolism must not be contaminated by the reality. The women whose messy realities contradict the desired image must remain invisible.

The dispute about abortion is largely, a dispute about whether or not abortion does have a victim. Opponents of abortion maintain that the victim of abortion is the foetus. Those not opposed might say that a

being cannot be victim unless it has interests that are violated, and that the foetus has no interests. Another argument that seeks to justify abortion without denying that the foetus is an innocent human being is that the woman has a right to choose what happens to her own body.

Although a human embryo or a foetus has the capacity to become a mind sharer, it is not itself a mind-sharer, or anything like one, for it is not an iso-experient in the early stages of gestation. It is a physical part of a woman's body until such time as it has been born. It means that no one else can directly incorporate it into the mindsharing realm during this time. The society has massively different kinds of obligations to mind sharers, who lead richly textured structured lives, and to iso-experients that have the potential to become mindsharers but are not yet and have never been anything like mindsharers. So to cause the potentially painless death of an un incorporated isoexperient, the life of a foetus for preserving the life of a full-blown life is in no way unethical. To say that a connected foetus has rights that must be protected by infringing upon the rights of the mother is a compromise and a foothold for those who wish to impose their morality on free men and women.

Far from having concern for all life, or a scale of concern impartially based on the nature of the life in question, those who protest abortion but dine regularly on the bodies of chicken, pigs and calves, show only a biased concern for the lives of members of their own species. As Peter Singer points out, for on any fair comparison of morally relevant characteristics , like rationality, the much derided chicken come out well ahead of the foetus at any stage of pregnancy-while if we make the foetus of less than three months, a fish would show more signs of consciuousness . Of course, abortion should not be taken lightly afterwards, when the foetus may be conscious, though not self-conscious. But a woman's serious interests would normally over-ride the rudimentary interests even of a conscious foetus. How can a society condemn or object abortion even in late pregnancy when the life of the woman is in danger unless it condemns the slaughter of far more developed forms of life for the taste of their flesh? What is the solution if a daughter falls pregnant through rape; or when discovered that an unborn baby is malformed and if the child were born it would suffer from physical or mental abnormalities? With regard to her experience with the question of morality of abortion in the 1970s, the feminist epistemologist Anne Seller says: as the abortion debate developed in the seventies, women developed an understanding that they, rather than their biology, could determine their roles in society. This gave the issue a new symbolic importance in terms of who controls our lives, changed the terms of the debate from one about crime to one about rights, and led reformers to identify themselves as women rather than reformers. None of this could have happened if the unspeakable had not become speakable: Our community is part of our noetic structures, deeply rooted in our unconscious, if not conscious minds. Social knowledge which is a product of group effort and which no one person may completely understand, replaces the egocentric quest for certainty. Hence to create a rational group consciousness is extremely important

Freud has rightly pointed out "Our knowledge of the historical worth of certain religious doctrines increases our respect for them, but does not invalidate our proposal that they should cease to be put forward as the reasons for the precepts of civilization. On the contrary, those historical residues have helped us to view religious teachings, as it were, as neurotic relics, and we may now argue that the time has probably come, as it does in an analytic treatment, for replacing the effects of repression by the results of the rational operation of the intellect." Modernism consists in preserving whatever is valuable and discarding whatever is not of value. Inner freedom is the freedom to act according to one's own considered will. It is the ability to use one's reason and logic of what is right to stave off influences that would prevent one behaving or living in keeping with one's considered judgment. It is the freedom that although often hard won, is nevertheless there to be won especially when it is something concerning the very fact of one's own existence.

It was thought that Western Europe in the 18th century, with the European Enlightenment, had become a very different place than the fifteenth century, with the revived rationalist philosophy making its mark and the common religious outlook of Catholic Christianity fragmented. But appalling to that thought, the fanaticism of religious obscurantism is still a chimera in this postmodern age swallowing the life of innocents. Religion, for the religious may be adorable, but not so much for the masses to sacrifice a valuable life.



# വിവേക പൂർണിമയ്ക്ക് 150

ഡോ.എ.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



(1)

പതിനഞ്ചാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ, ഇന്ത്യ, വിഭവസമൃദ്ധിയുടെ പറുദീസയായി കണക്കാക്കപ്പെട്ടിരുന്നു. അവിടേക്ക് കടൽമാർഗ്ഗം എത്താൻ ഒരു എളുപ്പവഴി കണ്ടെത്താൻ പാശ്ചാത്യ വണിക്കുകൾ ശ്രമിച്ചിരുന്നു. സ്പെയിൻ കാരനായ ക്രിസ്റ്റഫർ കൊളംബസ് അങ്ങനെ എത്തിച്ചേർന്നത് അമേരിക്കൻ ഭൂഖണ്ഡത്തിലായിരുന്നു. അദ്ദേഹം കരുതിയത് വിഭവ സമ്പന്നമായ ഇന്ത്യയിലേക്ക് ഒരു വഴി കണ്ടെത്തി, ഇന്ത്യയിലെത്തി എന്നാണ്. അത് സംഭവിച്ചത് 1492 ൽ. അതിൻെറ 400-ാം വാർഷിക ആഘോഷങ്ങൾ ഒരു ലോക മേളയായി അമേരിക്കയിൽ നടന്നുവരുന്ന കാലം. 1893 ൽ അങ്ങനെ ചിക്കാഗോയിലെ ആർട്ട് ഇൻസ്റ്റിററ്യൂട്ടിൽ വേൾഡ്സ് ഫെയർ എന്ന് അറിയപ്പെട്ട വേൾഡ്സ് കൊളംബിയൻ എക്സ്പോഷർ (World's Columbian Exposure) നടന്നു. അതിൻെറ ഭാഗമായി നടന്നതാണ് പാർലമെൻറ് ഓഫ് റിലിജൻസ് (Parliament of Religions)എന്ന ലോകസർവ്വമത സമ്മേളനം അതിൽ ഹിന്ദുമതത്തെ പ്രതിനിധാനം ചെയ്ത് പങ്കെടുത്ത് സ്വാമി വിവേകാനന്ദനും.

(2)

കൽത്തയിൽ 1863 ജനുവരി 12 നായിരുന്നു വിവേകാനന്ദൻ എന്ന് പ്രഖ്യാപിതനായി തീർന്ന നരേന്ദ്രൻെറ ജനനം. ഈശ്വർ ചന്ദ്ര വിദ്യാസാഗറുടെ വിദ്യാലയത്തിലും പ്രസിഡൻസി കോളജിലുമായിരുന്നു ഉന്നത വിദ്യാഭ്യാസം. ഈശ്വരനെയും മതത്തെയും നിഷേധിക്കുന്ന വിപ്ലവ ചിന്തയായിരുന്നു അക്കാലത്ത് നരേന്ദ്രൻെറ മനസ്സിനെ മഥിച്ചത്. ആയിടെ ശ്രീരാമകൃഷ്ണപരമഹംസനുമായി മുഖാമുഖം കണ്ടു സംസാരിക്കാൻ ഇടവന്നു. നരേന്ദ്രൻ അദ്ദേഹത്തോട് ചോദിച്ചു. ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ? ഉണ്ട്.

ശ്രീരാമകൃഷ്ണൻെറ ഗതശങ്ക മറുപടി

എന്തുകൊണ്ട് അങ്ങ് ഈശ്വരനിൽ വിശ്വസിക്കുന്നു. ഞാൻ ഈശ്വരനെ കണ്ടിട്ടുണ്ട്. ശ്രീ രാമകൃഷ്ണൻെറ ഈ മറുപടി നരേന്ദ്രനെ സ്വാധീനിച്ചു. അത് ജീവിതത്തിലെ വഴിത്തിരിവായി. സംശയഗ്രസ്തമായ തൻെറ മനസ്സിനെ തൃപ്തിപ്പെടുത്താൻ ശ്രീരാമകൃഷ്ണന് കഴിയും എന്ന് നരേന്ദ്രൻ ഉറപ്പിച്ചു. അങ്ങനെ ശ്രീരാമകൃഷ്ണൻെറ ശിഷ്യത്വം വരിച്ച് അദ്ദേഹത്തിൻെറ സമർത്ഥമായ ശിക്ഷണത്തിൽ നരേന്ദ്രൻ സ്വാമി വിവേകാനന്ദനായി തീർന്നു. സമാന്തരമായി ബി എ ബിരുദവും സമ്പാദിച്ചു. 1881 ൽ ശ്രീരാമകൃഷ്ണനുമായി ആരംഭിച്ച പരിചയം , 1886 ൽ ഗുരുശിഷ്യ ബന്ധത്തിൻെറ പാരമ്യത്തിലെത്തി നിൽക്കുമ്പോൾ ശ്രീരാമകൃഷ്ണൻ സമാധിയായി. ഗളാർബുദമായിരുന്നു ശ്രീരാമകൃഷ്ണൻെറ വ്യാധി.

തൊട്ടടുത്ത വർഷം (1897) വിവേകാനന്ദൻ ശ്രീരാമകൃഷ്ണമിഷൻ സ്ഥാപിച്ചു. സാമൂഹ്യ സേവനവും വേദാന്തപ്രയോഗവും മുഖ്യ പ്രവർത്തനങ്ങളായി മിഷൻ ഏറെറടുത്തു. ആശുപത്രികൾ, സ്കൂളുകൾ, കോളജുകൾ, ഗ്രാമീണ വികാസ കേന്ദ്രങ്ങൾ എന്നിവ നടത്തുകയും പ്രകൃതി ദുരന്ത കെടുതികൾക്ക് ഇരയായവർക്ക് സഹായവും പുനരധിവാസവും സാദ്ധ്യമാക്കുകയും ചെയ്തു. അധഃസ്ഥിതരും മർദ്ദിതരും ആഹാരമില്ലാത്തവരും, വസ്ത്രമില്ലാത്തവരും ഉൾപ്പെട്ട ഭാരതമക്കൾക്ക് ജീവിത സുഖം നുകരാൻ ഇടവരുത്തുന്ന ആശയങ്ങളുടെ പ്രചാരണത്തിലും അവയുടെ പ്രയോഗത്തിലും മിഷൻ സജീവമായി. 1898 ൽ ഗംഗാ സമീപത്തുള്ള ബേലൂരിൽ മിഷൻെറ മഠം സ്ഥാപിച്ചു.

(3)

വിവേകാനന്ദൻ വേദങ്ങളിലും ഉപനിഷത്തുകളിലും ഊളിയിട്ടിറങ്ങി സാരസമാഹരണം ചെയ്തു. ഗീതയും ഇതിഹാസങ്ങളും സ്വായത്തമാക്കി. ലോകോത്തര തത്വചിന്തക

രുമായ ഇമ്മാനുവൽ കാൻറ്, അഗസ്റ്റി . കൊംറെറ, ഹെർബട്ട് സ്പെൻസർ, ഹെഗൽ, നീഷെ, സ്പിനോസ മുതലായവരുടെ ഗ്രന്ഥങ്ങൾ പഠിച്ച് ആശയസജ്ജ പ്രജ്ഞനായി വിവേകാനന്ദൻ ഹിമാലയം മുതൽ കന്യാകുമാരി വരെ ജനങ്ങളുടെ നില കണ്ടറിഞ്ഞു നടന്നു. ഭാരതത്തിൻെറ ആധ്യാത്മിക മഹത്ത്വവും യഥാർത്ഥ സ്ഥിതിയും വിലയിരുത്തി. സ്വാമി, ഹിമാലയം, രാജ്പുട്ടാന, അഹമ്മദാബാദ്, ദക്ഷിണേന്ത്യയിലെ കൊച്ചി, തിരുവനന്തപുരം എന്നിവ താണ്ടി കന്യാകുമാരിയിൽ എത്തി. അന്ന് ഭിക്ഷ കൊണ്ട് ഭൗതിക ജീവനും മനനം കൊണ്ട് ആത്മീയ ചൈതന്യവും നിലനിന്നു. സദാസമയവും കയ്യിൽ കൊണ്ടു നടന്ന രണ്ടു പുസ്തകങ്ങൾ ഉണ്ടായിരുന്നു- ഭഗവത്ഗീത, രണ്ടാം ബൈബിൾ എന്നറിയപ്പെടുന്ന Imitation of Christ

(തോമസ് കെമ്പിസ് 1411– 27 കാലത്ത് രചിച്ചത്) എന്നിവ ആയിരുന്നു അവ. 1888 ൽ ആരംഭിച്ച സ്വാമിയുടെ പരിവ്രാജക സഞ്ചാരം കന്യാകുമാരിയിൽ സാഗരകല്ലോല ലാളിതമായ പാറയിൽ ഇരുന്നുള്ള മൂന്ന് ദിവസത്തെ ഗാഢ ധ്യാനത്തിൽ കലാശിച്ചു. ആ ധ്യാനത്തിൽ അദ്ദേഹം ഭാരത പുനരുദ്ധാരണത്തിനുള്ള ഉപായങ്ങൾ തേടി. കല്ലോലമില്ലാ തെഴും ആഴി പോലെ, കാററിൽ പെടാദീപവുമെന്ന പോലെ നിഷ്പന്ദമായി പ്രാണൻ അടക്കി വച്ച് ആ ധ്യാനശീലൻ നിലകൊണ്ടതിൻെറ നിത്യസ്മാരകമായി ഇന്ന് വിവേകാനന്ദപ്പാറ ഉണ്ടല്ലൊ.

(4)

കന്യാകുമാരിയിൽ നിന്ന് കർമ്മ രംഗത്തിറങ്ങിയ വിവേകാനന്ദൻ മദിരാശിയിൽ എത്തി. അവിടെ വച്ചാണ് ചിക്കാഗോയിലെ സർവ്വമത സമ്മേളനത്തെപ്പററി അറിയുന്നത്. 1893 സെപ്തംബർ 11 മുതൽ 27 വരെ 17 ദിവസം നീണ്ടു നിന്ന അതിൻെറ സമയ നിശ്ചിതം കൃത്യമായി മനസ്സിലാക്കാൻ കഴിയാത്ത വാർത്താവിനിമയത്തിൻെറ ദുർബല കാലമായിരുന്നു അത്. അതിനാൽ വിവേകാനന്ദനും അത് കൃത്യമായി ഗ്രഹിച്ചില്ല. കിട്ടിയ ധാരണവെച്ചു കൊണ്ട് മുപ്പതുകാരനായ ആ സന്യാസി, സ്വയം ഹിന്ദുമതത്തെ പ്രതിനിധീകരിച്ച് പാർലമെൻറ് ഓഫ് റിലിജൻസ് എന്ന സർവ്വമത സമ്മേളനത്തിന് പോകാൻ തയ്യാറായി. ഭീമമായ യാത്രപ്പടി സ്വരൂപിച്ചത് ചില്ലിക്കാശുകൾ പിരിച്ചാണ് . അക്കാലത്ത് നല്ലൊരു തുക സംഭാവന ചെയ്ത ആളാണ് ബാംഗ്ളൂരിൽ നിന്ന് ജോലി ചെയ്തിരുന്ന തിരുവിതാംകൂറുകാരനായി



രുന്ന ഡോക്ടർപൽപ്പു.

വിവേകാനന്ദൻ തിരിച്ചറിഞ്ഞ ഭ്രാന്താലയത്തിലെ ദുരാചാരങ്ങളുടെ ഇരയായിരുന്നു ഡോക്ടർ പൽപ്പു. അവർണ്ണ സമുദായക്കാരനായിരുന്ന പൽപ്പു ഡോക്ടർ പരീക്ഷ പാസായെങ്കിലും ജാതി താഴ്ച കൊണ്ട് തിരുവിതാംകൂർ രാജാവ് സർക്കാർ സർവീസിൽ ജോലി കൊടുത്തില്ല. അങ്ങനെ അന്നത്തെ മൈസൂർ ഗവൺമെൻറിൻെറ കീഴിൽ ഡോക്ടറായി പ്രവേശിച്ച് ബാംഗ്ളൂരിൽ പണിയെടുക്കുകയായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെ അയിത്താചാരം ഉൾപ്പെടെയുള്ള കെടുതികളിൽ ഖിന്നനായിരുന്ന ഡോക്ടർ പൽപ്പു, സ്വാമി വിവേകാനന്ദനുമായി തൻെറ സമസ്യഷ്ടങ്ങളുടെ സങ്കടം പങ്കിട്ടു. ഭാരതത്തിൻെ ആദ്ധ്യാത്മിക മഹത്വം തിരിച്ചറിഞ്ഞിരുന്ന ആ മഹാൻ ഡോക്ടറോടു പറഞ്ഞു, അയിത്താചാരമുൾപ്പെടെയുള്ള ഭ്രാന്തിനോട് പൊരുതാൻ ഒരു ആത്മീയ ആചാര്യനെ കണ്ടെത്തുക, അദ്ദേഹത്തെ നിങ്ങളുടെ പോരാട്ടത്തിൻെറ സേനാപതി ആക്കുക. വിവേക പൂർണ്ണിമയുടെ പൂരിതശോഭയോർന്ന ഈ മൊഴി രത്നം ഡോക്ടർ പൽപ്പുവിൻെറ മനസ്സിൽ തെളിയിച്ച ആത്മീയ ശോഭയുടെ തേജോരൂപമായിരുന്നു കേരള നവോത്ഥാനത്തിൻെറ നടുനായകനായ ശ്രീനാരായണ ഗുരു.

ജപ്പാൻ, ചൈന, കാനഡ എന്നീ രാജ്യങ്ങൾ സ്പർശിച്ചത്രെ സ്വാമി യു എസിൽ എത്തിയത്.

(5)

സ്വാമി വിവേകാനന്ദൻ സർവ്വമത സമ്മേളനത്തിന് വളരെ മുമ്പേ എത്തിച്ചേർന്നു. സമ്മേളനത്തിൻെറ സമയം ഗ്രഹിക്കാത്തതിനാൽ വന്നു പോയ പ്രശ്നമായിരുന്നു പക്ഷെ പകരം വയ്ക്കാനില്ലാത്ത നിയോഗമായിരുന്നു സ്വാമിയുടെ സർവ്വമത സമ്മേളനത്തിലെ പ്രാതിനിധ്യം. സ്വാമിക്ക് മുൻകൂട്ടി പ്രാതിനിധ്യം രജിസ്റ്റർ ചെയ്യാനോ അവിടെ അവതരിപ്പിക്കേണ്ട പ്രബന്ധത്തിൻെറ പകർപ്പ് മുൻകൂർ നൽകാനോ കഴിഞ്ഞില്ലെങ്കിലും കാലം ഉറപ്പിച്ച ആ നിയോഗം അദ്ദേഹത്തെ സർവ്വമത സമ്മേളനത്തിൻെറ ഡയസിൽ എത്തിച്ചു. ഹാർവാഡ് യൂണിവേഴ്സിററിയിലെ പ്രൊഫസർ ജോൺ ഹെൻറി റൈററ് സ്വാമിയെ എല്ലാ അർത്ഥത്തിലും തിരിച്ചറിഞ്ഞ്, അദ്ദേഹത്തിന് രേഖകൾ മതിയായി കയ്യിലില്ലെങ്കിലും പ്രതിനിധിയാക്കേണ്ടതിൻെറ ആവശ്യകത ഊന്നിപ്പറഞ്ഞത് Nobody questions the sun's right to shine എന്ന വാദം ഉന്നയിച്ചു കൊണ്ടാണ്.

(6)

സ്വാമി വിവേകാനന്ദൻ പാടുമായിരുന്നു. ആ കളകണ്ഠം *കാളീപദ നീരദ മലേ, ശ്യാമപദ നീരദമലേ* എന്ന ബംഗാളി ഗാനം ഉതിർക്കുമായിരുന്നു . ആ ഗാനപ്രിയൻെറ കണ്ഠത്തിൽ അദ്ദേഹത്തിൻെറ ആദ്ധ്യാത്മിക മനസ്സിൻെറ ആഗാധതലങ്ങളിൽ നിന്ന് വിശവിശുദ്ധമായ ഒരു സംബോധനാ വാക്യം ഉയർന്നെത്തി. ഐന്ദ്രജാലിക ഭാവത്തോടെ അത് ഉതിർന്നു. അമേരിക്കയിലെ സഹോദരീ സഹോദരന്മാരേ... ലോകത്തിൻെറ നാനാഭാഗത്തു നിന്നും എത്തിയ മതമഹാരഥന്മാർ ഉൾപ്പെട്ട, പതിനായിരത്തിലേറെ ബുദ്ധിശാലികൾ നിറഞ്ഞ ആ സദസ്സ് അതിൻെറ അഭൗമ ധ്വനിയിൽ അത്ഭുതപൂർവ്വമായ ഒരു വികാര പ്രപഞ്ചത്തിലേക്ക് ഉയർത്തപ്പെട്ടു. 1893 സെപ്തംബർ 11 ന് ആയിരുന്നു അത്.

സ്വാഗത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുകയായിരുന്നു സ്വാമി. ലോകത്തെ ഏററവും പുരാതനമായ സന്യാസിപരമ്പരയുടെ പേരിൽ, നാനാ

വർണ്ണാശ്രമ സമ്പ്രദായങ്ങളിൽപ്പെട്ട ലക്ഷോപലക്ഷം ഹിന്ദുജനതയുടെ പേരിൽ ഞാൻ നിങ്ങളോട് നന്ദി പറയുന്നു.

ലോകത്തെ സർവ്വധർമങ്ങളിൽ നിന്നും വന്ന മർദിതർക്കും അശരണർക്കും അഭയം അരുളിയ ജനതയാണ് എന്റേത്. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. റോമൻമർദ്ദനം മൂലം യഹൂദരുടെ പുണ്യക്ഷേത്രം തകർത്ത അതേ വർഷം തന്നെ ദക്ഷിണേന്ത്യയിൽ വന്ന് അഭയം പ്രാപിച്ച ആ ഇസ്രയേൽ വർഗത്തിന്റെ കലർപ്പററ പരിശിഷ്ടം ഞങ്ങളുടെ ഇടയിൽത്തന്നെ ഉണ്ടെന്ന് പറയുമ്പോൾ ഞാൻ അഭിമാനംകൊള്ളുന്നു.

ഹിന്ദുധർമം എന്ന പ്രബന്ധമാണ് സ്വാമി 1893 സെപ്തംബർ 15 ന് അവതരിപ്പിച്ചത്. ഹിന്ദുമതത്തിന്റെ കരുത്തും സഹിഷ്ണുതയും വിശാലതയും, വേദങ്ങളും ഋഷികളും എന്നുവേണ്ട സമസ്ത വിജ്ഞാനവും കൊണ്ട് അതിസമ്പുഷ്ടമായ ആ പ്രബന്ധത്തിലുടനീളം സ്വാമിജിയുടെ വിസ്മയകരമായ അറിവിന്റെ ആഴക്കടലുണ്ട്. ഋഗ്വേദം, ഗീത, ഉപനിഷത്തുകൾ, ദേവീഭാഗവതം, മനുസ്യതി, മഹാഭാരതം, യോഗദർശനം, വാത്സ്യായന സ്മൃതി, ശിവമഹിമ മനസ്ത്രോതം, ശിക്ഷാഷ്ടകം, യജുർവേദം തുടങ്ങിയ പൗരാണിക വിജ്ഞാന സ്രോതസ്സുകളിൽ നിന്ന് സമൃദ്ധമായി ഉദ്ധരണികൾ നിറഞ്ഞതായിരുന്നു ആ പ്രബന്ധം.

(7)

ചിക്കാഗോ സമ്മേളനത്തെ തുടർന്ന് രണ്ട് വർഷക്കാലം ചിക്കാഗോയിലും ഡെട്രോയിററിലും ബ്രൂസ്റ്റണിലും ന്യൂയോർക്കിലും സ്വാമി പ്രഭാഷണങ്ങൾ ചെയ്തിരുന്നു.

1901 ൽ യൂറോപ്പിലേക്ക് പോകുമ്പോൾ കപ്പലിൽ വച്ച് ജാംഷെഡ്ജി ററാററായെ പരിചയപ്പെട്ടു. സ്വാമിജി ഞാൻ എന്റെ രാജ്യത്തിലേക്ക് ഉരുക്കു വ്യവസായം കൊണ്ടു വരുവാൻ വേണ്ടിയാണ് യൂറോപ്പിലേക്ക് പോകുന്നത്. അപ്പോൾ സ്വാമി പറഞ്ഞു നല്ല കാര്യം വിജയാശംസകൾ ഉരുക്ക് ഉൽപാദിപ്പിക്കുവാൻ പണം ചെലവിടുമ്പോൾ അതിന് വേണ്ടുന്ന ലോഹസംസ്കരണ പ്രക്രിയയ്ക്കു പിന്നിലെ ശാസ്ത്രവും പഠിക്കണം. അതിന് വേണ്ടി ഒരു ഉന്നത ഗവേഷണ കേന്ദ്രവും അങ്ങ് സ്ഥാപിക്കണം.

ദീർഘ വീക്ഷണമുള്ള ഈ ഉപദേശം ആ മഹാന്റെ തെളിമയുള്ള വിഷൻ വിളിച്ചോതുന്നു. ടാററയ്ക്ക് യൂറോപ്പിൽ നിന്ന് ഉരുക്കു നിർമ്മിക്കാനുള്ള ടെക്നോളജി കിട്ടിയില്ല. പിന്നെ അമേരിക്കയിൽ നിന്ന് അദ്ദേഹം അത് സമ്പാദിച്ചു. ജാംഷെഡ് പൂരിൽ ടാററാ അയൺ ആൻറ് സ്റ്റീൽ കമ്പനി സ്ഥാപിച്ചു. ഒപ്പം തന്റെ ആസ്തിയുടെ ആറിലൊന്ന് നിക്ഷേപിച്ച് ബാംഗ്ളൂരിൽ ടാററാ ഒരു ഭൗതിക ശാസ്ത്ര ഗവേഷണ ഇൻസ്റ്റിററ്യൂട്ട് കൂടി സ്ഥാപിച്ചു. അതാണ് ഇന്നത്തെ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസ് . അതിന് പണം മുടക്കിയത് ടാററാ ആണെങ്കിലും അതു സംബന്ധമായ ഉൾക്കാഴ്ച സ്വാമി വിവേകാനന്ദന്റേതാണ്.

(8)

കുത്സിത ബുദ്ധിയുടെ വേലിയേററം, ഭീകരപ്രവർത്തനത്തിന്റെ അതിപ്രസരം, കോർപറേററുകളുടെ അധീശത്വം, ധർമ്മച്യുതി, രാഷ്ട്രീയ സംസ്കാരത്തിന്റെ അധഃപതനം, വിജ്ഞാന വിരോധം എന്നു വേണ്ട, എന്താണ് ഇവിടെ വിവേകാനന്ദ വിരുദ്ധം അല്ലാത്തത്?

ധ്യാനിക്കവേ മസ്തിഷ്ക സ്രാവമുണ്ടായി ആണ് സ്വാമിയുടെ ഭൗതിക സ്പന്ദം നിലച്ചത്. പക്ഷെ ഇന്നും കെടാതെ നിൽക്കുന്ന ആ ആത്മീയ ചൈതന്യം നമ്മുടെ രക്ഷയ്ക്ക് എത്തും എന്ന് തന്നെ പ്രത്യാശിക്കാം

*With best compliments from*

# Ponani Taluk Govt. and Quasi Govt. Employees Co- Operative Credit Society Ltd, No. 298, Ponani

**V. Narayanan**
President

**Sree Devi. M**
Secretary




# Indian Economy 2011-12

Dr. P.S. Mohanakumar



## External debt rises $40 bn in 2011-12

The country's external vulnerability indicators are showing signs of stress, reflecting the impact of deepening euro zone crisis and global slowdown, says a finance ministry report.

The external debt stock at March-end stood at $345.8 billion as against the March-end, 2011 level of $305.9 billion. As against a external debt to GDP ratio of 18.3 per cent in 2009-10, it stood at 20 per cent in 2011-12 while foreign exchange reserve : to total debt stood at 85.1 per cent in 2011-12 from a high of 106.8 per cent in 2009-10. Long-term external debt increased 11.1 per cent at $267.6 billion at March-end, 2012 while the short-term debt rose 20.3 per cent at $ 78.2 billion. Long-term debt accounted for 77.4 per cent of total external debt at March-end, 2012. The share of commercial borrowings in total external debt stock stood at 30.2 per cent, followed by short-term debt, NRI deposits and multilateral debt

## India ranks 19th most exposed country to global risks

A robust economic growth seems to have made little improvement to India's ability to withstand major external shocks, making it the most exposed and least resilient BRIC nation to the global risks. According to a study conducted by risk analysis firm Maplecroft, India has been ranked as the 19th most exposed and least resilient country worldwide to the global risks.

On a list of 178 countries, Somalia has been named on the top with highest exposure and least resilience, while other BRIC countries, Russia, China and Brazil have been ranked 30th, 58th and 97th, respectively.Among the ten countries most exposed and least resilient to global risks, Somalia is followed by Congo, South Sudan, Sudan, Afghanistan, Pakistan, Central African Republic, Iraq, Myanmar and Yemen

## Indias household savings lowest in 22 years

Net household financial savings in India declined sharply during

fiscal 2011-12 (FY12) to 7.8% of the GDP, down from 9.3% in FY11 and 12.2% in FY10. The 7.8% level is the lowest since fiscal 1990, that is, an over two-decade low. According to preliminary estimates released by the RBI, the drop in net financial savings can be attributed to an absolute decline in small savings and lower growth in households' holdings of deposits, currency and life insurance funds, a report by Morgan Stanley pointed out. At the gross level, financial savings as a percentage of GDP decelerated to 10.9% in FY12 from 12.9% in FY11 and 15.3% in FY10.Net financial savings include cash investments, deposits with banks and non-bank companies, investments in stocks, mutual funds, debentures, small savings, life insurance, provident and pension funds.

## India's GDP Growth to Drop to Lowest in a Decade, IMF

Indian growth may weaken to a decade- low this year after investment stalled, the International Monetary Fund said, as it called for interest rates to remain unchanged until the nation's high inflation rate eases. The economy of India, Asia's second largest economic powerhouse after China, post a slowdown in 2012 after achieving a slim annual growth of 6. 5 percent during last fiscal year. Based on the available data on the country's performance so far, there is no doubt that India's growth in 2012 is the lowest in nearly 10 years. Gross domestic product is 4.9 percent in 2012, the Washington-based lender said in its World Economic Outlook report today, less than a July forecast of 6.1 percent. Poor economic performance has prompted international financial institutions, including Goldman Sachs and Moody's, to ratchet down their expectations on India's economic growth .

## Current Account Deficit jumps in 2011-12

Reflecting deterioration of the external sector, India's current account deficit more than tripled to an all-time high of 4.5 per cent of the GDP in last quarter of 2011-12 on back of rising oil and gold imports. In 2011-12, CAD - which represents the difference between exports and imports after considering cash remittances and payments - stood at 4.2 per cent of GDP at $78.2 billion, as against the government's estimate of 4 per cent

## Indias per capita debt goes up by 23%

The per capita income may have gone up by 14% during the last financial year, but the debt burden on every Indian in the form of the government's debt went up by 23%, latest official estimates show. According to finance ministry data, the per capita debt in India was estimated at nearly Rs 33,000 at the end of March 2012, compared to a little over Rs 26,600 a year ago, led primarily by internal as well as external loans. This is in addition to the home and auto loans that individuals have taken. Government data shows that the average Indian's debt of Rs 32,812 is now over half the per capita income at current prices, which was estimated at Rs 60,972. During 2010-11, per capita debt was just short of the 50% mark. A sharper increase in the overall debt stock was on account of high government borrowings to fund a large subsidy bill and compensate for the shortfall in revenue. In case of external debt, the private sector has played a major part as it has resorted to raising foreign loans at a cheaper cost, including the hedging charges

## ആദരാഞ്ജലികൾ



കോഴിക്കോട് ഫറൂക് ട്രെയിനിങ്ങ് കോളേജ് അസോസിയേററ് പ്രൊഫസർ ആയിരുന്ന **പ്രൊഫ. കെ.പി.മുഹമ്മദ് ഇസ്ഹാക്** (53) അന്തരിച്ചു.
എ.കെ.പി.സി.ടി.എ. ജില്ല കൗൺസിൽ അംഗം
കോഴിക്കോട് സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗം
എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്



# ഹൈഡ്രജൻ ഉല്പാദിപ്പിക്കാൻ സിലിക്കൺ നാനോകണങ്ങൾ

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



സിലിക്കണിൻെറ നാനോകണങ്ങൾ ജലവുമായി പ്രവർത്തിച്ച് ഉടൻ തന്നെ ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്നതായി യൂണിവേഴ്സിററി ഓഫ് ബഫ്ല്ലോയിലെ ഗവേഷകർ കണ്ടെത്തി. പത്തു നാനോ മീററർ വ്യാസമുള്ള സിലിക്കൺ നാനോ കണങ്ങളാണ് ശാസ്ത്ര സംഘം സൃഷ്ടിച്ചത്. ഈ കണങ്ങൾ ജലവുമായി പ്രവർത്തിക്കുമ്പോൾ സിലിക് ആസിഡും ഹൈഡ്രജനുമാണുണ്ടാകുന്നത്. സിലിസിക് ആസിഡ് ഹാനികരമല്ലാത്ത ഉപ ഉല്പന്നമാണ്. ഈ സിലിക്കൺ നാനോ കണങ്ങൾ Fuel cells ലെ ഹൈഡ്രജൻ സ്രോതസായി ഭാവിയിൽ ഉപയോഗിക്കാനാവുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു. പ്രകാശം, താപം, വൈദ്യുതി എന്നിവയുടെ സഹായമില്ലാതെ തന്നെ ഹൈഡ്രജൻ ഉല്പാദിപ്പിക്കാമെന്നതാണിതിൻെറ പ്രത്യേകത. 100 നാനോ മീററർ വ്യാസമുള്ള നാനോ കണങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ 150 ഇരട്ടി വേഗതയിലും വളരെ വലിപ്പം കുടിയ കണങ്ങൾ ഉപയോഗിക്കുന്നതിനേക്കാൾ 1000 ഇരട്ടി വേഗതയിലും ഈ കുഞ്ഞു നാനോ കണങ്ങൾ ഉപയോഗിച്ച് ഹൈഡ്രജൻ ഉല്പാദിപ്പിക്കാനാവുമെന്ന് ശാസ്ത്ര സംഘം കണ്ടെത്തി. ജനുവരി 14 ലെ Nano Letters ൽ ഓൺ ലൈനായാണ് ഗവേഷണ ഫലം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഉല്പാദിപ്പിച്ച ഹൈഡ്രജൻ ശുദ്ധമാണെന്നും ശാസ്ത്രജ്ഞർ കൂട്ടി ചേർത്തു. ലഭിച്ച ഹൈഡ്രജൻ ഉപയോഗപ്പെടുത്തി ഫ്യൂവൽ സെൽ കൊണ്ട് ഫാൻ പ്രവർത്തിപ്പിക്കുവാനും അവർക്ക് സാധിച്ചു. വെറുതെ വെള്ളമൊഴിച്ച് ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയ്ക്ക് ഇതു വഴി തെളിക്കുമെന്ന് ശാസ്ത്ര സംഘം അഭിപ്രായപ്പെട്ടു. University of Buffalo യിലെ Mark T. Swihart, Paras Prasad എന്നിവരാണ് ഈ പഠനത്തിന് നേതൃത്വം നൽകിയത്. ഒരു സ്ഥലത്തു നിന്നും മററൊരു സ്ഥലത്തേക്ക് കൊണ്ടു പോകാൻ സാധിക്കുന്ന ഹൈഡ്രജൻ സ്രോതസായി ഇത് ഭാവിയിൽ ഉപയോഗപ്പെടുത്താനാകുമെന്ന് ശാസ്ത്ര സംഘം കരുതുന്നു. ജനറേററും, വലിയ ഇന്ധനം അല്ലെങ്കിൽ വലിയ ബാററി പായ്ക്കിനുപകരം ജലലഭ്യതയുള്ളസ്ഥലങ്ങളിൽ ഇനി ചെറിയ ഹൈഡ്രജൻ ഫ്യൂവൽ സെല്ലും സിലിക്കൺ നാനോകണങ്ങളുടെ ചെറു പൊതിയും കരുതിയാൽ മതി. ഇതുപയോഗിച്ച് GPS, ലാപ്ടോപ്പ്, റേഡിയോ എന്നിവ പ്രവർത്തിപ്പിക്കുവാനും അവിടം പ്രകാശമാനമാക്കുവാനും കഴിയും. രാസപ്രവർത്തനം മൂലമുണ്ടാകുന്ന താപം ഉപയോഗിച്ച് വെള്ളം ചൂടാക്കി ചായ തയ്യാറാക്കാനാകുമെന്നും ശാസ്ത്ര സംഘം പ്രതീക്ഷിക്കുന്നു.




# ചികിത്സ വേണ്ടത് രോഗത്തിനാണ് രോഗലക്ഷണങ്ങൾക്കല്ല

എ.ജി.ഒലീന
എൻ.എസ്.എസ് കോളജ്,കരമന
എ.കെ.പി.സി.ടി.എ വനിതാകമ്മിറ്റി കൺവീനർ



ഇന്ത്യൻ ഭരണസിരാകേന്ദ്രത്തിന്റെ മൂക്കിനു താഴെ, ന്യൂഡൽഹിയിൽ യുവതിയെ ബസ്സിൽ കൂട്ട ബലാത്കാരം ചെയ്ത് കൊലപ്പെടുത്തിയ സംഭവം രാജ്യത്താകമാനം കടുത്ത ജനരോഷം ഉയർത്തിയിരുന്നു. സ്വയം സംഘടിതരായ മനുഷ്യർ ജന്തർമന്ദറിൽ തടിച്ചുകൂടി ഉയർത്തിയ പ്രതിരോധം ഭരണകൂടത്തെ വിറളിപിടിപ്പിക്കുകയും ചെയ്തു. ജീവനുപിടയുന്ന പെൺകുട്ടിയെ വിദഗ്ധചികിത്സയ്ക്കെന്നു പറഞ്ഞു സിംഗപ്പൂരിൽ കൊണ്ടു പോയതൊക്കെ തരുന്ന സൂചനയും മറ്റൊന്നല്ല. കാലങ്ങളായി ഇന്ത്യൻ സ്ത്രീ നിശ്ശബ്ദമായി അനുഭവിച്ചു വരുന്ന യാതനകൾക്കും സഹനങ്ങൾക്കുമൊടുവിൽ ഒരു പൊട്ടിത്തെറി. ഒപ്പം ലോകത്തെമ്പാടുമുയർന്നു വരുന്ന സ്ത്രീമുന്നേറ്റസമരങ്ങളും ഒക്കെ ചേർത്തു വായിക്കപ്പെടേണ്ടതുമുണ്ട്.

ഡൽഹി സംഭവാനന്തരം ഉയർന്നു വന്ന ചിന്തകളും ചർച്ചകളും അതുകൊണ്ടു തന്നെ വിശകലനം ചെയ്യപ്പെടേണ്ടതുമാണ്. അതാകട്ടെ നമ്മുടെ സാമൂഹ്യസ്ഥാപനങ്ങളുടെയും വ്യവഹാരങ്ങളുടെയും യഥാർഥ അവസ്ഥയിലേക്കും അവയുടെ നിസ്സംഗതയിലേക്കുമുള്ള ചൂണ്ടുപലകയായിത്തീരുന്നു. പ്രബുദ്ധരെന്നോ സാംസ്കാരിക ജീവിതത്തിലെ ക്രീമിലെയറെന്നോ ഒക്കെ കരുതപ്പെടുന്നവരിൽ നിന്നു പോലും പെൺകുട്ടിയുടെ സദാചാരബോധത്തെ മുൻനിർത്തിയുള്ള ചോദ്യങ്ങളാണ് ഉയരുന്നത് എന്നത് നാണയത്തിന്റെ ഒരു വശം. നേരാവണ്ണം തുണി ഉടുക്കാത്ത പെൺകുട്ടി അസമയത്ത് പുരുഷനോടൊപ്പം സിനിമ കാണാൻ പോയതിന്റെ തിക്തഫലമെന്നു ന്യായീകരിച്ചു തൃപ്തിയടയുന്ന പൊതുബോധം പുരുഷന്മാർ മാത്രമല്ല സ്ത്രീകളും പങ്കുവയ്ക്കുകയുണ്ടായിരുന്നു. മാത്രമല്ല, ബസ്സിനുള്ളിലിരുന്ന *പെണ്ണും ചെറുക്കനും ഗോഷ്ടിത്തരം കാണിച്ചപ്പോൾ അത് കണ്ടിട്ട് അരിശം മൂത്തിട്ടാണ് അവർ കൈകാര്യം ചെയ്തത്* എന്ന വിധി പ്രസ്താവവും നടത്തി തൃപ്തിയടയാനും ചിലർ മടിച്ചില്ല. തികച്ചും വൈകാരികമെന്നോ നിഷ്കളങ്കമെന്നോ പുറമേയ്ക്കു തോന്നിപ്പിയ്ക്കുന്ന ഈ പരാമർശങ്ങൾ തരുന്ന സൂചനയാകട്ടെ, സ്ത്രീവിരുദ്ധ പ്രത്യയശാസ്

ത്രത്തിന്റെ ആഴമുള്ള വേരുകളെ സംബന്ധിച്ചുമാണ്. പെർമിററില്ലാത്ത ഒരു ബസ്സ്, അതും പകൽ നേരത്ത് വിദ്യാഭ്യാസാവശ്യത്തിനോടുന്ന ബസ്സ് മൂന്നു പോലീസ് ഔട്ട് പോസ്റ്റുകൾ പിന്നിട്ടുകൊണ്ടു തലസ്ഥാന നഗരത്തിന്റെ റോഡിലൂടെ നിലവിളികളുടെ അകമ്പടിയോടെ ഓട്ട പ്രദക്ഷിണം നടത്തിയതിന്റെ നീതിയോ തത്ത്വശാസ്ത്രമോ ആദ്യം ആരുടേയും കണ്ണിൽ പെടുന്നില്ല എന്നതു തരുന്ന സൂചനയും മറെറാന്നല്ല. തുടർചർച്ചകളിൽ പെൺകുട്ടികളെ മാനം മര്യാദയ്ക്ക് തുണിയുടുപ്പിക്കാനുള്ള തീവ്രശ്രമം ഏറെറടുത്തത് മതവർഗീയ ഫാസിസ്റ്റുകളായിരുന്നുവെന്നതും നമ്മൾ കണ്ടതാണ്. ഇക്കാര്യത്തിൽ വ്യത്യസ്ത മതചിന്തകളാൽ നിരന്തരം പോരടിക്കുന്നവർക്കുപോലും ഒരേസ്വരം. അത് ജമാഅത്ത് ഇസ്ലാമിയായാലും ബജറംഗ്ദളായാലും. വാസ്തവത്തിൽ ഡൽഹിസംഭവവും തുടർചലനങ്ങളും ഇന്ത്യൻ സ്ത്രീ ജീവിതത്തിന്റെ യഥാർഥമുഖം ഒരിക്കൽ കൂടി വെളിപ്പെടുത്തുകയായിരുന്നു. ഒപ്പം സ്ത്രീ വിരുദ്ധാശയങ്ങൾ നമ്മുടെ സമൂഹശരീരത്തിലും മനസ്സിലും എത്ര ആഴമുള്ള വേരുകളാണ് പാകിയിട്ടുള്ളതെന്നും.

പൊലിഞ്ഞ ജ്യോതിയിൽ നിന്നും ഉയർന്ന ജ്വാലകൾ ഒട്ടേറെ നിശ്ശബ്ദനിലവിളികൾക്ക് മറുവിളി പകരുന്നത് തീർച്ചയാണ്. അതുകൊണ്ടുകൂടിയാണ് ധാരാളം സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടുന്നതും. തുറന്നു പറയാൻ ധൈര്യപ്പെടാതിരുന്ന മനുഷ്യർ തങ്ങൾക്കേററ അപമാനം ഇപ്പോൾ നിയമത്തിനുമുന്നിൽ എത്തിക്കാൻ തയ്യാറാവുന്നത്. പക്ഷേ ഇതിനോട് മാധ്യമങ്ങൾ സ്വീകരിക്കുന്ന നയം തീർച്ചയായും അഭിലഷണീയമല്ല, സെൻസേഷനപ്പുറം സാമൂഹ്യനീതിയുടെ തരിമ്പും അവർ പ്രകടിപ്പിക്കുന്നുമില്ല.

കുററവാളികളെ എന്തുചെയ്യണമെന്ന കാര്യത്തിലുയർന്ന ചർച്ചകളും അഭിപ്രായങ്ങളും പറിക്കപ്പെടേണ്ടതുണ്ട്. ഇത്തരം കേസുകളിലെ പ്രതികൾക്ക് പരമാവധി ശിക്ഷയെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലെങ്കിലും വധശിക്ഷയും ഷണ്ഡീകരണവുമൊക്കെ വേണമെന്നു ശഠിക്കുന്നതിലേക്ക് ജനങ്ങളുടെ മനസാക്ഷി മാറിപോകുന്നതെന്തുകൊണ്ടെന്നു ചിന്തിക്കേണ്ടതുണ്ട്. പൗരമനസ്സിൽ ഉയരുന്ന കടുത്തരോഷത്തിന്റെയും ആത്മനിന്ദയുടേയും സ്വരഭേദങ്ങൾ തിരിച്ചറിയേണ്ടത് പക്ഷേ ഭരണകൂടമാണ്. പക്ഷേ ഇക്കാര്യത്തിൽ ഇന്ത്യൻ ഭരണകൂടം സ്വീകരിച്ച ആദ്യനിലപാടുകൾ എന്തായിരുന്നുവെന്നു നമുക്കറിയാം. കടുത്ത ജനരോഷത്തെ ചെറുക്കാനാവില്ലെന്നു ബോധ്യപ്പെടുമ്പോഴാണ് ഭരണകൂടയന്ത്രം ചലിക്കാനാരംഭിച്ചതുതന്നെ. അതിന്റെ ഗുണഫലങ്ങൾ വർമ്മ കമ്മീഷൻ റിപ്പോർട്ടിലൂടെ ഏറെക്കുറെ അറിയാനും കഴിഞ്ഞിട്ടുണ്ട്. കുററവും ശിക്ഷയും മുൻനിർത്തിയുള്ള ചർച്ചകളും തർക്കങ്ങളും പക്ഷേ വെളിപ്പെടുത്തിയത് പൗരന്റെ/ പൗരയുടെ നിസ്സഹായതയാണ്. ഭരണകൂടം ജനതയുടെ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ നിന്നും പിൻമാറുമ്പോൾ അവരുടെ ജീവൽ സുരക്ഷാസംവിധാനത്തിൽ നിന്നുകൂടിയുള്ള പിൻമാററമാണിതെന്നും നമ്മൾ മനസ്സിലാക്കിയില്ല. ഭരണകൂടം രാജ്യത്തെ പൗരന്റെ/ പൗരയുടെ ജീവിത സുരക്ഷിതത്വത്തിനുമേൽ എന്തു നിലപാടാണ് സ്വീകരിക്കുന്നതെന്ന പ്രശ്നമാണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ളത്. ഭരണകൂടം രാജ്യത്തെ ജനതയെ അടിമുടി കൈയൊഴിയുമ്പോളാണ് മനുഷ്യർ കടുത്ത ദണ്ഡനീതിയെക്കുറിച്ച് ചിന്തിക്കുന്നത്. വേണ്ടത് കർശനമായ നിയമവ്യവസ്ഥയും നീതിബോധവുമാണ്. അത് നടപ്പിലാക്കാനുള്ള ഉത്തരവാദിത്തമാകട്ടെ ഭരണകൂടത്തിൽ നിക്ഷിപ്തവും. ആ ഉത്തരവാദിത്വത്തിൽ നിന്ന് ഭരണകൂടം പിന്നാക്കം പോകുന്നതിന്റെ സൂചനകളാണ് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ആധുനിക കാലത്ത് പുരോഗതിയിലേക്കു പോകുന്ന ഒരു പരിഷ്കൃത സമൂഹത്തിന് കടുത്ത ശിക്ഷകളോ വധശിക്ഷ തന്നെയോ അഭിലഷണീയമല്ല; അതൊരു പരിഹാരവുമല്ല. കാരണം കടുത്ത ശിക്ഷാമുറകളേർപ്പെടുത്തിയിട്ടുള്ള നാടുകളിലൊന്നും കുററകൃത്യങ്ങൾ കൂടുന്നതല്ലാതെ കുറയുന്നില്ല എന്നതും കാണേണ്ടതുണ്ട്. വേണ്ടതു സാമൂഹ്യനീതിയും അതിലൂടെ ലിംഗനീതിയുമാണ്; അല്ലെങ്കിൽ മറിച്ചും.

വാസ്തവത്തിൽ സമൂഹശരീരത്തിലെ രോഗലക്ഷണങ്ങൾക്കു മരുന്നു പുരട്ടുകയാണ് ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. രോഗവും രോഗകാരണവും മററുപലതുമാണ്. ചികിത്സ രോഗത്തിനാണ് വേണ്ടത്, രോഗലക്ഷണങ്ങൾക്കല്ല.

---

# കഥ
# കവിത
# ലേഖന
# മത്സരം

എ. കെ. പി. സി. ടി. എ 55-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥികൾക്കായി കഥ, കവിത, ലേഖനം എന്നീ ഇനങ്ങളിൽ രചനാ മത്സരം നടത്തുന്നു. ലേഖനവിഷയം
***സംസ്കാരവും നവ മാധ്യമങ്ങളും***
എൻട്രികൾ ലഭിക്കേണ്ട അവസാന തിയതി 2013 മാർച്ച് 5

അയയ്ക്കേണ്ട മേൽവിലാസം

**ഡോ. എം. വിജയൻപിള്ള**
**അസോ. പ്രൊഫസർ മലയാളവിഭാഗം**
**എൻ. എസ്. എസ്. കോളജ്**
**നിലമേൽ, കൊല്ലം - 691535**
**ഫോൺ: 9447090326**

* * * * * *

എ കെ പി സി ടി എ വനിതാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ അധ്യാപികമാർക്കും എയ്ഡഡ് കോളജ് വിദ്യാർത്ഥിനികൾക്കും കഥ കവിത ലേഖനം എന്നീ വിഭാഗങ്ങളിൽ രചനാ മത്സരം നടത്തുന്നു. ലേഖന വിഷയം- അധ്യാപികമാർ: ***ഇന്ത്യൻ സ്ത്രീ: വെല്ലുവിളികൾ- പ്രതിരോധങ്ങൾ*** വിദ്യാർത്ഥിനികൾ: ***സമകാല കാമ്പസ്സും വിദ്യാർത്ഥിനിയും*** എൻട്രികൾ പരിഗണിക്കുന്ന അവസാന തിയതി മാർച്ച് 5.

അയയ്ക്കേണ്ട മേൽവിലാസം

**എ. ജി. ഒലീന**
**സംസ്ഥാന വനിതാ കൺവീനർ**
**എ. കെ. പി. സി. ടി. എ സ്റ്റേററ് കമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം - 695035, ഫോൺ: 9495392456**

*With best compliment from*

# Medwin Diagnostics

(Dealers in Laboratary Equipments)

TIRUR ROAD, DOWN HILL,
MALAPPURAM- 676519
PHONE. 2733243, 3255180
FAX. 0483 2763243

***FOR TOP QUALITY BOOKS ...***

# SOBA PUBLICATIONS

***Changanasserry, Kottayam, Kerala 686101***

***... wings of wisdom***

***Our prestigeous books which you can confidently follow ...***

- **Taxation, Kerala VAT and CST** *(ISBN 978-81-920969-0-1)* ` *120*
- **Income Tax** *(For B. Com / B.B.A) (ISBN 978-81-920969-0-2)* ` *190*
- **Direct taxes - Law and Practice** *(For M. Com / MBA / CA/ ICWA) (ISBN 978-81-920969-0-3)* ` *390*
- **Principles of Insurance** *(ISBN 978-81-920969-0-4)* ` *100*
- **Capital Market** *(For B. Com.) (ISBN 978-81-920969-0-5)* ` *100*
- **Value Added Tax - Concepts and Practices** *(ISBN 978-81-920969-0-6)* ` *110*
- **Indian Financial Markets** *(ISBN 978-81-920969-0-7)* ` *100*
- **Capital Market and Investment Management** *(ISBN 978-81-920969-0-8)* ` *100*
- **Indian Financial System** *(ISBN 978-81-920969-0-9)* ` *100*

***Attention Authors and Eminent Professors ...***

***We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...***

**SOBA PUBLICATIONS**

The Manager
175, Manamel, Boat Jetty Road
Changanasserry, Kottayam (Dist) Pin-686 101
Ph. 9496752663 / 9446223651
Website : www.sobapublications.com


With best compliments from
TEMPLE FASHION JEWELLERY
BEHIND WOODLANDS HOTEL
M.G. ROAD, ERNAKULAM
For Gold and Silver Ornaments



© picture-alliance/dpa

# മോ യാൻ: ഭ്രമാത്മകയാഥാർത്ഥ്യം നാടോടി കഥകൾ, ചരിത്രം, സമകാലികത

**പ്രമോദ് വെള്ളച്ചാൽ**
എം.ജി.കോളജ്, ഇരിട്ടി



**മോ**യാൻ എന്നത് ഒരു തൂലികാനാമമാണ്. ഗു ആൻ മൊയെ എന്ന ചൈനീസ് എഴുത്തുകാരൻ 2012 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം വാങ്ങിക്കുമ്പോൾ ചൈന എന്ന ലോകത്തിലെ വിസ്മയം വീണ്ടും ലോകഭൂപടത്തിൽ ചർച്ചാവിഷയമാവുകയാണ്. ചൈനീസ് ഭാഷയിൽ മോയാൻ എന്ന പദത്തിൻെറ അർത്ഥം ശബ്ദിക്കരുത് (don't speak) എന്നാണത്രെ. നാഷണൽ എൻഡോവ്മെൻറ് ഫോർ ഹ്യൂമാനിററീസിൻെറ (National Endowment for Humanities) ചെയർമാൻ ജീംലീച്ച് (Jim Leach) നടത്തിയ ഒരു അഭിമുഖത്തിൽ മോ യാൻ പറഞ്ഞത് മാതാപിതാക്കൾ ഒരു മുന്നറിയിപ്പായി നൽകിയ പേരായിരുന്നു. മോ യാൻ എന്നാണ്. 1950 കളിലെ ചൈനീസ് രാഷ്ട്രീയ അന്തരീക്ഷത്തിൽ വളരുന്ന ഒരാളായതു കൊണ്ട് പുറത്തിറങ്ങിയാൽ മനസ്സിലുള്ളതൊന്നും പുറത്തു പറയരുത് എന്ന് അവർ ആഗ്രഹിച്ചതു കൊണ്ടാണ് ആ പേര് നൽകിയത്.

ഗയോദിയിലെ ഷാൻഡോങ് പ്രവിശ്യയിൽ 1955 ലാണ് മോ യാൻ ജനിച്ചത്. ഗയോമിയിലെ നോർത്ത് ഈസ്ററ് ടൗൺ ഷിപ്പായി തൻെറ നോവലുകളിൽ ആവിഷ്ക്കരിച്ച ആലാങ്ങ് പട്ടണത്തിലെ കർഷക കുടുംബത്തിലായിരുന്നു ജനനം. ചൈനയിലെ സാംസ്ക്കാരിക വിപ്ലവ കാലഘട്ടത്തിൽ സ്കൂൾ വിട്ട് പെട്രോളിയം ഉല്പാദിപ്പിക്കുന്ന ഫാക്ടറിയിൽ മോ യാൻ ജോലി തേടി, അതിനു ശേഷം പീപ്പിൾസ് ലിബറേഷൻ ആർമി (PLA) യിൽ അംഗമായി. 1951 ൽ ഒരു ജവാനായിരിക്കെ തൻെറ എഴുത്ത് ആരംഭിക്കുകയും ചെയ്തു. മൂന്നു വർഷങ്ങൾക്കു ശേഷം PLA യുടെ കലാസാഹിത്യ വിഭാഗത്തിൽ അധ്യാപകൻെറ ജോലി ലഭിച്ചു. അവിടെ നിന്നാണ് തൻെറ ആദ്യത്തെ നോവൽ A Transparent Radish (1984) പ്രസിദ്ധീകരിക്കുന്നത്.

ചെറുകഥാ കൃത്തും നോവലിസ്റ്റുമായ മോ യാൻ തൻെറ സാഹിത്യ സപര്യ ആരംഭിച്ചത് ചെറുകഥകളും നോവലുകളും രചിച്ചു കൊണ്ടാണ്. 1981 ൽ പ്രസിദ്ധീകരിച്ച ആദ്യ നോവലാണ് Falling Rain on a spring Night നോട്ടർ ഡെയിമ് യൂണിവേഴ്സിററി (Notre Dame University) യിലെ ഈസ്റ്റ് ഏഷ്യൻ ഭാഷാ പ്രഫസറായ ഹൊവാഡ് ഗോൾഡ്ബഡാററ് (Howard Gold blatt) ആണ് മോ യാനിൻെറ മിക്ക നോവലുകളും ഇംഗ്ളീഷ് ഭാഷയിലേക്ക് തർജ്ജമ ചെയ്തത്.

1923 മുതൽ 1976 വരെയുള്ള ഷാൻഡോങ് കുടുംബത്തിലെ തലമുറകളുടെ കഥകളാണ് Red Sorghum Clan എന്ന നോവലിലെ പ്രമേയം. ചൈനാ ചരിത്രത്തിലെ പ്രധാന സംഭവ വികാസങ്ങളായ ജാപ്പാനീസ് അധിനിവേശത്തിനെതിരെയുള്ള പ്രതിരോധ യുദ്ധങ്ങൾ, കമ്മ്യൂണിസ്റ്റ്, വിപ്ലവം, സാം

സ്ക്കാരിക വിപ്ലവം തുടങ്ങിയവയെല്ലാം ജാപ്പാനീസ് യോദ്ധാക്കളുടെ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുന്ന അസാധാരണമായ ഒരു രീതിയാണ് മോ യാൻ Red Sorghum എന്ന നോവലിൽ ആവിഷ്ക്കരിക്കുന്നത്. തങ്ങളുടെ ധാന്യങ്ങൾ വാങ്ങാൻ കൂട്ടാക്കാത്ത ഗവൺമെൻറിനോടുള്ള ഗയോലി ടൗൺഷിപ്പിലെ കർഷകരുടെ സമരമാണ് തൻെറ രണ്ടാമത്തെ നോവലായ The Garlic Ballads -ൽ ചിത്രീകരിക്കുന്നത്. The Republic of wine ഒരു ആക്ഷേപ ഹാസ്യ രചനയാണ്. ലൂഷൂണിൻെറ (Lu Xun) പിൻഗാമികളായി തീററയും കുടിയുമായി സ്വയം നാശത്തിലേക്ക് പോയ ഒരു ജനതയുടെ അവസ്ഥയാണത്. ഏറെ വിവാദങ്ങൾക്ക് തിരി കൊളുത്തിയ പുസ്തകമായിരുന്നു Big Breasts and wide Hips സ്ത്രീ ശരീര സംബന്ധിയായ ഒരു ആഖ്യാനമാണ് ഈ നോവലിൽ കാണാൻ സാധിക്കുക. ജാപ്പാനീസ് വെടിയുണ്ടകൾ തകർത്തു തരിപ്പണമാക്കിയ ഈ മുത്തശ്ശിയുടെ മാറിടങ്ങളും പിന്നീട് ഒരു ഉത്സവാന്തരീക്ഷത്തിൽ ഷാൻ ഗു ആൻ നിൻടോങ് എന്ന ബാല കഥാപാത്രം തൻെറ പട്ടണത്തിലെ ഓരോ സ്ത്രീയുടേയും മാറിടത്തിൽ തൊട്ട് അനുഗ്രഹിക്കുന്നതുമായ രംഗങ്ങൾ ഈ നോവലിൽ കാണാം. കമ്മ്യൂണിസ്ററ് യോദ്ധാക്കളെ വിപരീതമായി ചിത്രീകരിക്കുകയാണ് എന്ന ഇടതുപക്ഷ വിമർശനവും ഈ നോവൽ ഏററുവാങ്ങുകയുണ്ടായി.

മോ യാൻ, തൻെറ പുതിയ നോവലാണ് Life and Death Are Wearing Me Out എഴുതി പൂർത്തിയാക്കിയത് വെറും നാൽപ്പത്തി രണ്ടു ദിവസങ്ങൾ കൊണ്ടാണ്. ചൈനീസ് ഭൂപരിഷ്ക്കരണ (land reform) സമയത്ത് മൃഗങ്ങളുടെ രൂപത്തിൽ പുനർജനിക്കുന്ന ഭൂവുടമയുടെ കഥയാണ് ഇതിൽ പരാമർശിക്കപ്പെടുന്നത്. മോ യാനിൻെറ രചനകളെല്ലാം തന്നെ സാമൂഹ്യ വിമർശനങ്ങളാണ്. ലൂഷുനിൻെറ (Lu Xu) സോഷ്യൽ റിയലിസവും ഗബ്രിയൻ ഗാർസ്യ മാർയോൽസിൻെറ മാജിക്ക റിയലിസവും മോ യാനിൻെറ രചനകളെ സ്വാധീനിച്ചിട്ടുണ്ട്. പുരാവൃത്തങ്ങളെ കേന്ദ്രീകരിച്ച് എഴുതിയ എപ്പിക് നോവലായ Water Margin, അതുപോലെ Journey to the West, Dream of the Red Chamber, എല്ലാം തൻെറ നിർമ്മിതിയുടെ ആദ്യകാല സ്വാധീനങ്ങളായി മോ യാൻ പരാമർശിക്കുന്നുണ്ട്. ലോകസാഹിത്യത്തിൻെറ വാതിലുകൾ തുറക്കുവാൻ എന്നും ആഗ്രഹിക്കുകയും പറയുകയും ചെയ്ത എഴുത്തുകാരനാണ് മോ യാൻ. 2009 ലെ ഫ്രാൻക്ഫർട്ട് പുസ്തകോൽസവത്തിൽ പങ്കെടുത്തുകൊണ്ട് ഗോയതെ (Goethde) യുടെ ആശയമായ ലോകസാഹിത്യത്തെക്കുറിച്ച് മോ യാൻ സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ലോക സാഹിത്യത്തിന് രാജ്യങ്ങളെ മുറിച്ചു മാററുന്ന അതിർത്തികളെ മായ്ച്ചു കളയാൻ സാധിക്കും.




ഭ്രമാത്മക യാഥാർത്ഥ്യവും (Hallucinatory Realism) ഇരുണ്ട നർമ്മവും (black humour) മോ യാനിൻെറ രചനകളുടെ പ്രത്യേകതകളാണ്. ഒരു പക്ഷെ അതുകൊണ്ട് തന്നെയാവണം നോബൽ സമ്മാനം. പ്രഖ്യാപിച്ചു കൊണ്ട് സ്വീഡിഷ് അക്കാദമി ഇങ്ങനെ പറഞ്ഞത്. മോ യാനിൻെറ കൃതികളിലെ ഭ്രമാത്മക യാഥാർത്ഥ്യം നാടോടി കഥകളും, ചരിത്രവും സമകാലികതയും ഉൾച്ചേരുന്ന അനുഭവമാണ്. 109 -ാമത്തെ നോബൽ സമ്മാനം മോ യാനിൻെറ കൈകളിലെത്തുമ്പോൾ ചൈനാക്കാരനായ ഒരാൾക്ക് ലഭിക്കുന്ന വലിയൊരു ബഹുമതി കൂടിയാണ് സാഹിത്യത്തിനുള്ള ഈ നോബൽ സമ്മാനം. ചൈനയിൽ ജനിച്ചതാണെങ്കിലും 2000 ത്തിൽ നോബൽ പുരസ്ക്കാരം ലഭിക്കുമ്പോൾ ഗാ ഓ സിങ്ജിയാൻ ഫ്രാൻസ് പൗരത്വം സ്വീകരിച്ച എഴുത്തുകാരനായിരുന്നു. സ്വീഡിഷ് അക്കാദമിയുടെ തലവനായ പീററർ എൻഗ്ലൻസ് പറയുന്നതിങ്ങനെയാണ്. അദ്ദേഹത്തിന് അത്രയും അനന്യമായ എഴുത്തിൻെറ രീതിയുണ്ട്. നിങ്ങൾ മോ യാനിൻെറ അരപേജ് വായിക്കുമ്പോൾ അത് അദ്ദേഹമാണെന്ന് നിങ്ങൾ തിരിച്ചറിയും.

പഴയ ചൈനീസ് സാഹിത്യത്തിൽ നിന്നും വാമൊഴി ചരിത്രത്തിൽ നിന്നുമുള്ള ഒരു വഴിമാറി നടപ്പ് മോ യാനിൻെറ പ്രത്യേകതയാണ്. വില്ല്യം ഫോക്നറും (Willam Faulkner) ഗാബ്രിയേൽ ഗാർസ്യാ മാർക്കേസും (Gabricl Garcia Marquz) അവശേഷിപ്പിച്ച സങ്കീർണ്ണതകളുടെ ശേഷിപ്പുപോലെ മിഥ്യയും യാഥാർഥ്യവും ചരിത്രവും സാമൂഹ്യ കാഴ്ചപ്പാടുകളുമെല്ലാം ഇഴ ചേർന്നു നിൽക്കുന്ന ബോധമാണ് മോയാനിൻെറ അക്ഷര പ്രപഞ്ചം.

പാശ്ചാത്യസാഹിത്യത്തിൽ ഒരു കാലത്തുമില്ലാത്ത ചലനങ്ങൾക്കാണ് ഇരുപതാം നൂററാണ്ട് സാക്ഷ്യം വഹിച്ചത്. പ്രത്യേകിച്ചും നോവൽ വിഭാഗത്തിൽ സാങ്കേതികമായ പരീക്ഷണങ്ങളും സിദ്ധാന്തങ്ങളും പരീക്ഷണങ്ങളുമുണ്ടായി. Interdisciplinary എന്ന തലത്തിൽ നിന്നും അത് international എന്ന നിലയിലേക്ക് വളർന്നു. യൂറോപ്പ്, നോർത്ത് അമേരിക്ക, ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ എഴുത്തുകാർ ശക്തമായിതന്നെ പരസ്പരം സ്വാധീനിക്കപ്പെടുന്ന നിലയുണ്ടായി.

പാശ്ചാത്യ ലോകത്ത് ബഹുസ്വരതകളോടെ സാഹിത്യം മുന്നേറിയപ്പോൾ ചൈനയിൽ അത് മുന്നേറിയത് മറെറാരു തലത്തിലായിരുന്നു. ദീർഘകാല ചരിത്രമുള്ള ചൈനീസ് സാഹിത്യം ശ്രദ്ധിക്കപ്പെട്ടത് അതിൻെറ പക്വത, സമ്പന്നത തുടങ്ങിയ ഘടകങ്ങളിലായിരുന്നു. അതുകൊണ്ട് തന്നെ ഒരുപാടുകാലം തങ്ങളിൽ തന്നെ ഒതുങ്ങി പരാശ്രയമില്ലാതെ, മററു രാജ്യങ്ങളിലെ സാഹിത്യങ്ങളുമായി സമ്പർക്കമില്ലാതെ ചൈനീസ് സാഹിത്യം നിലകൊണ്ടു. ഇരുപതാം നൂററാണ്ടോടു കൂടി വിദേശ സംസ്കാരവും സാഹിത്യവും വരവേററു തുടങ്ങി



Sree Narayana College
Co-operative Society Ltd.
No. 2987, Kollam

## കേരള സർവ്വകലാശാല അക്കാദമിക് കൗൺസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എ.കെ.പി.സി.ടി.എ സ്ഥാനാർത്ഥികൾ

| | | |
|---|---|---|
| 1. മലയാളം | ഡോ. പത്മകുമാർ. പി | എം.എസ്.എം കോളജ്, കായംകുളം |
| 2. ഇംഗ്ലീഷ് | പ്രേംകുമാർ. ആർ. | എസ്.എൻ.കോളജ്, കൊല്ലം |
| 3. ഇക്കണോമിക്സ് | ഹാഷിമുദീൻ. എ | ടി.കെ.എം.കോളജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം |
| 4. മാത്തമററിക്സ് | രാജൻ.കെ. | എസ്.എൻ.കോളജ്, പുനലൂർ |
| 5. കെമിസ്ട്രി | മോഹൻദാസ്. എസ്. | എൻ.എസ്.എസ്. കോളജ്, ചേർത്തല |
| 6. ജിയോളജി | രതീഷ്കുമാർ. എം.ഡി | എസ്.എൻ.കോളജ്, ചെമ്പഴന്തി |
| 7. കംപ്യൂട്ടർ സയൻസ് | അനിൽകുമാർ കെ.എസ് | ശ്രീ അയ്യപ്പ കോളജ്, എരമല്ലിക്കര |
| 8. കോമേഴ്സ് | ശ്രീകുമാർ.എം | എം.എം.എൻ.എസ്.എസ് കോളജ്, കൊട്ടിയം |
| 9. ഫിസിക്കൽ എഡ്യൂക്കേഷൻ | ഡോ. ജയകുമാർ.കെ | വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം |

യതോടെ (May Fourth Movement നു ശേഷം) സ്വതന്ത്രമായ അസ്തിത്വത്തിൽ നിന്നും ചൈനീസ് സാഹിത്യം മാററത്തിന്റെ വഴി വെട്ടിത്തുടങ്ങി.

ഭ്രമാത്മക ആഖ്യാനം (Magical Narrative) സാമൂഹ്യമായ അന്യാപദേശ കഥകൾ (Social allegry) കാർഷിക ജീവിതത്തിന്റേയും അധ്വാനത്തിന്റേയും പ്രത്യയ ശാസ്ത്രം (Peasant ideology) എന്നിവയുടെ പരസ്പര മേളനങ്ങൾ സൃഷ്ടിക്കുന്ന സങ്കീർണതയാണ് മോയാൻ നോവലുകളിലെ യാഥാർത്ഥ്യം എന്ന് കാണാൻ സാധിക്കും. മാവോയുടെ വളരെ നിയതമായ സോഷ്യലിസ്ററ് റിയലിസത്തിൽ നിന്നും കുതറിമാറി പാശ്ചാത്യ സാഹിത്യത്തിൽ നിന്നും സ്വാംശീകരിച്ച പുതുസങ്കേതങ്ങളിലൂടെയാണ്, കഥാതന്തു, ഘടന, സമയ നിർമ്മിതി, വ്യക്തിഗതബോധങ്ങൾ തുടങ്ങിയ കാര്യങ്ങൾ മോയാൻ പരീക്ഷിച്ചത്. ആഖ്യാനം (Narration) സൗന്ദര്യാത്മകത (aesthetics), പ്രത്യയ ശാസ്ത്രം (Ideology), ചരിത്രം(History) ഇത്രയും കാര്യങ്ങളുടെ ഇഴചേരൽ മോയാനിന്റെ കൃതികളിലെ റിയലിസത്തിന്റെ സവിശേഷതയാണെന്ന് കെനി ക്വോക്- ക്വാൻ (Kenny Kwok- kwan) ഒരു പഠനത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

മോയാൻ ആധുനിക ചൈനീസ് സാഹിത്യത്തിന്റെ അനിവാര്യമായ ശബ്ദമാണ്. മോയാൻ കൃതികളുടെ ആരാധകനും ചൈനീസ് പഠിതാവുമായ (Sinologist) ഡൊറോത്തിയ വിപ്പർമാൻ (Dorothea wippermann) പറയുന്നതിങ്ങനെയാണ്. *സർഗ്ഗാത്മകമായ ദർശനങ്ങളുടെ വിസ്ഫോടനങ്ങളാണ് മോയാനിന്റെ കൃതികൾ. അത് ആവോളം ഭൂമിയുടെ ഗന്ധമുള്ളതുമാണ്.* വിമർശകരും ആരാധകരും ഒരേ സ്വരത്തിൽ പറയുന്നത് മോയാൻ വലിയൊരു കഥ പറച്ചിലുകാരനാണ് എന്നാണ്. ഗ്രാമീണ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന നാടോടി കഥകളാണ് എന്നും അദ്ദേഹത്തിന് പ്രചോദനമായി തീർന്നത്. സ്വന്തം ഗ്രാമത്തിലെ ജനങ്ങളുടെ പട്ടിണിയും കഷ്ടപ്പാടുകളും അദ്ദേഹത്തിന്റെ മനസ്സിന്റെ വേദനകളായിരുന്നു.

ഷെല്ലി. ഡബ്ലിയു ചാൻ (Shelley W. Chan) എഴുതിയ പുസ്തകം, A Subversive Voice in China: The Fictional World of Mo Yan, വളരെ ആഴത്തിൽ മോയാൻ കൃതികളെ പരിശോധിക്കുന്നുണ്ട്. മാത്രമല്ല സമകാലിക ചൈനീസ് സാഹിത്യ ചരിത്രത്തിലൂടെയുള്ള സഞ്ചാരംകൂടിയാണ് പ്രസ്തുത പുസ്തകം.



# ആംങ് സാൻ സൂചിയുടെ കവിതകൾ

**ഡോ.എൻ.എം.സണ്ണി**
*മലബാർ ക്രിസ്ററ്യൻ കോളജ്,*
*കോഴിക്കോട്*



ഭാഗം 2

ജനറൽമാർ/എന്നെ കൊന്നില്ല
ഒരു പക്ഷേ കൊല്ലുകയുമില്ല
ഒരു ഗൂഢാലോചനയുണ്ടതിൽ
അതിന്റെ ആഴങ്ങളിലേക്ക് ചെല്ലുക
ഈ മരണങ്ങളെല്ലാം
എന്റെ ചുമലിൽ കെട്ടിവെക്കാൻ അവർ ആഗ്രഹിക്കുന്നു
അതാണവരുടെ ലക്ഷ്യം
സൈനിക ജനാധിപത്യത്തിന്റെ നാട്യം
പാവം ജനതയെ/വഴിതെറ്റിക്കുന്നു
അവരുടെ സ്വന്തം നേതാവ് തന്നെ
ലഹരിയിലാണ്
ദേശത്തരാജകത്വം സൃഷ്ടിച്ച്
ജനങ്ങളെ/കൊല്ലിക്കുന്നു

ആദ്യം നിങ്ങളെ വിലക്കി/കുട്ടികളെ തടഞ്ഞു
പിന്നെ പത്രങ്ങൾക്ക് സെൻസർ
വീട്ടിലെത്തുന്നതോ/കേവലം/സൈനികർ മാത്രം
ദുഷ്പ്രചരണം/നടത്തുന്നു
റംഗൂൺ വാസികളെ/സൂചി ലഹരിയിലാണ്
സമാധാന ത്തിനായ്/വീട്ടുതടങ്കലിലാണ്
അങ്ങനെ ഒരു പത്രം/നിങ്ങളുടെ അടുത്തെത്തും
അതിലോ സത്യം/ പേരിന് മാത്രം.
ഇപ്പോൾ/ഓർമ്മ വരുന്നു

ന്യൂയോർക്കിൽ നിന്ന്
എന്നും/ഓരോകത്ത്/ലണ്ടനിലേക്ക്
നിനക്ക് അയച്ചിരുന്ന ആ നാളുകൾ.
അന്ന് നമുക്കിടയിൽ
ജനങ്ങളില്ല/മകൻ അലക്സാണ്ടറുമില്ല
അവനഭിനന്ദനമർഹിക്കുന്നു/അലക്സാണ്ടർ
അവനെൻ നേർ/ പിൻഗാമിയായി
അമ്മയുടെ അസാന്നിധ്യത്തിലും
അടിപതറാതെ അവൻ ചെറുത്തു നിന്നു
നോബൽ ഭാഷണ വേളയിൽ/കണ്ടതില്ലാരും
മകന്റെ മുഖത്തെ/ ചുളിവ്
പ്രതീക്ഷക്കൊത്ത് ഉയരാൻ
അവൻ യോഗ്യനാണ്

ഇപ്പോഴെന്റെ മുന്നിൽ കേവലം രാജ്യം മാത്രം
ദാരുണ മരണം/തോക്കിൻ ഭയം/കീഴടങ്ങാൻ
മനസ്സില്ല
ആരാച്ചാരെ പോലെ ആ ജനറൽ കാണുന്ന സ്വപ്നം
കുഞ്ഞുങ്ങളുടെ  മനസ്സിൽ/അഗ്നി ആളി
കത്തിക്കുന്നു

അവരുടെ മാതാപിതാക്കൾ/കൊലക്കയറിന്റെ
കുരുക്കിലാടുന്നു
രാജ്യത്തിന്/ ഈ രാജ്യത്തിന് മാത്രം വേണ്ടി.
നമ്മുടെ മക്കൾ /പേരിനെങ്കിലും സുരക്ഷിതരല്ലേ
അമ്മയരികിൽ ഇല്ലെങ്കിലും/അവരെ ആരും
പേടിപ്പിക്കില്ല
ഇപ്പോഴോ ഈ ചുഴലിക്കാറ്റുകൾ/എത്ര നർഗിസ്/
വരണം-പോണം
കൂരകൾ തകർന്ന് പോയാലും/ബന്ധങ്ങളറ്റു
പോയാലും
ഇളകുകയില്ല ഞങ്ങളിലാരും
വേരുകളാഴ്ന്ന് കഴിഞ്ഞ ഈ മണ്ണിൽ,
പിറന്ന നാട്ടിൽ അടി പതറാതെ
ഇളകാതെ ഉറച്ച് തന്നെ നിന്നീടും

എന്നെ കൊല്ലാൻ
ആവർത്തിച്ചു ശ്രമിച്ചിട്ടും/തോൽവി തന്നെ നേരിട്ടു.
ഞാൻ ഭയപ്പെട്ടില്ല
അതു കൊണ്ടിതുവരെ മരിച്ചില്ല
എന്നേക്കാൾ/ഈ നോബലിന് അർഹത
എന്റെ രാജ്യത്തെ ജനതക്കാണ്
യാതന ഏറെ സഹിച്ചു
ശാന്തി ആയുധമാക്കി
ഹിംസയെ അവർ നേരിട്ടു
കഷ്ടം! അവരുടെ ആനന്ദം ഞാൻ അപഹരിച്ചു.
എന്റെ ആളുകൾ ഒന്ന് ചേർന്ന്
മൃത്യു ഭയത്തിൽ നിന്ന്
മുക്തി നേടി.
സ്വാതന്ത്ര്യത്തിന്റെ കരുത്ത് അതിൽ ഒളിഞ്ഞിരിപ്പുണ്ട്
അടിമത്വം/ഭീരുത്വമാണ്
മരണമല്ല/ഭീതിയാണ്
അന്ത്യ നിമിഷം മനുജനെ/ഭയപ്പെടുത്തുന്നത്

നമുക്ക് ജീവിക്കണം/അവർക്ക് വേണ്ടി
വെടിയുണ്ടകളേറ്റവർക്ക് വേണ്ടി
ഭരണകൂട ഭ ീകരതക്കെതിരെ/പോരാടുന്ന ജനതക്ക്
വേണ്ടി
നമുക്ക് സഹിക്കാം/ മാറ്റത്തിന്റെ ഈ കഠിന
വേദനയെ.
നമ്മുടെ ആഹുതിയിലൂടെ
ലോകം നമ്മെ അറിയട്ടെ
അപ്പോൾ ഉയർന്നുവരും/
ഒരു നവലോകത്തിന്റെ തിരമാല
അത് ശമിപ്പിച്ചീടും
ഈ കാലത്തിന്റെ ചോരത്തിരയെ
ചോരയിൽ കുതിർന്ന ബർമ്മൻ മണ്ണിനെ
നനച്ചീടണം/സ്നേഹസാഗരത്താൽ
മറുപടി നൽകണം
വെറുപ്പിനും/ക്രൂരതക്കും
പ്രേമത്തിൻ/ചെറു പുഞ്ചിരിയാൽ

മരണം നമ്മെ/തളർത്തുകയില്ല
അവരുടെ/വേദന ഓർക്കുമ്പോൾ / കരളു നീറി
ഉരുകുന്നു
തങ്ങൾക്കുള്ളത് മുഴുവൻ ദാനം തന്നവർ
ഒന്നും നേടാൻ ഇച്ഛിക്കാത്തവർ
വില നൽകേണം/അവരുടെ ബലിച്ചോരക്ക്
തോക്കിൻ ഭരണം ഇല്ലാതാക്കി
എരിഞ്ഞടങ്ങി തീരുമ്പോഴും
അടിപതറാതവർ മുന്നേറി /ശാന്തി തന്നുടെ
പാതയിലൂടെ
ഒഴുകികൂടാ/ചോര ഇനിയും നമ്മുടെ നാടിൻ
വീഥിയിലൂടെ....

# Tax Planning for 2012-13
## - Additional Tips

**Tomichan Joseph,**
*District Secretary, AKPCTA, Kottayam/Idukki*

1. **The Finance Act 2012** brought payments made by an individual (cash or otherwise) on account of preventive health check up of self, spouse, dependent children or parent, during the financial year, upto Rs.5,000 will qualify within the overall limit of Sec 80D; i.e., preventive check up expense together with premium paid should not exceed Rs.15,000 or Rs.20,000 as the case may be
2. With effect from financial year 2012-13, senior citizen is a person, who has attained the age of 60 years at any time during the financial year.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

എ.കെ.പി.സി.ടി.എ
55-ാം സംസ്ഥാന സമ്മേളനത്തിന്
അഭിവാദ്യങ്ങൾ

# SVR NSS College
## VAZHOOR

# St. Stephens College
## UZHAVOOR

AKPCTA
55th State Conference

Resist Academic colonization

# ഗവർണ്ണർ പദവിയെ യു.ഡി.എഫ് അപമാനിച്ചു



കേരള സർവ്വകലാശാല സെനററ് - സിൻഡിക്കേറ്റംഗമായിരുന്ന എസ്. പി. ദീപകിനെ അകാരണമായി പുറത്താക്കിയതിൽ പ്രതിഷേധിച്ച് അധ്യാപക- വിദ്യാർത്ഥി- യുവജനങ്ങളും യൂണിവേഴ്സിററി ജീവനക്കാരും നടത്തിയ സെക്രട്ടറിയേററ് മാർച്ച്. സി.പി.ഐ (എം) പോളിററ് ബ്യൂറോ അംഗം സഖാവ്.എം.എ.ബേബി ഉദ്ഘാടനം ചെയ്തു. സർവ്വകലാശാലകളുടെ അധികാരം കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്ന യു. ഡി. എഫ് സർക്കാരും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഗവർണ്ണർ പദവിയെ അപമാനിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഗവർണ്ണറെക്കൊണ്ട് ചുടുചോറ് മാന്തിക്കുന്ന സർക്കാർ തീക്കളിയാണ് നടത്തുന്നത്. സർവ്വകലാശാലകളെ കൂടുതൽ ജനാധിപത്യവൽക്കരിക്കാനാണ് സാധാരണഗതിയിൽ നിയമഭേദഗതികൾ കൊണ്ടുവരുന്നതെങ്കിൽ അധികാരം കൈപ്പിടിയിൽ ഒതുക്കാനാണ് യു.ഡി.എഫ് ഭേദഗതി വരുത്തുന്നത്. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുൾ റബ്ബും അധികാരം പിടിച്ചെടുക്കാൻ എല്ലാ വൃത്തികേടുകളും കാട്ടുകയാണെന്ന് ബേബി പറഞ്ഞു. എൽ. ഡി. എഫ് ഭരണകാലത്ത് ഡോ. കെ. എൻ. പണിക്കർ വൈസ് ചെയർമാനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചപ്പോൾ സർവ്വകലാശാലകളുടെ അധികാരം കൈപ്പിടിയിൽ ഒതുക്കാനാണെന്നായിരുന്നു യു. ഡി. എഫ് ആക്ഷേപിച്ചത്. എന്നാൽ, എൽ. ഡി. എഫ് കാലത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച കൗൺസിലിനെ യു.ഡി. എഫ് രാഷ്ട്രീയമായുധമാക്കുകയാണെന്നും ബേബി പറഞ്ഞു. എ. കെ. പി.സി.ടി.എ സെക്രട്ടറി ഡോ. കെ. എൽ. വിവേകാനന്ദൻ, ഡി.വൈ.എഫ്. ഐ സംസ്ഥാന ട്രഷറർ കെ. എസ്. സുനിൽകുമാർ, എ.കെ.ജി.സി.ടി ജനറൽസെക്രട്ടറി പ്രൊഫ. കെ. ജയകുമാർ, ഡോ. മോഹനചന്ദ്രൻ, സുനിൽകുമാർ, ഷിജുഖാൻ തുടങ്ങിയവർ സംസാരിച്ചു.

## പ്രതിഷേധ പ്രകടനവും ധർണ്ണയും
## 2012 നവംബർ 27

യു.ജി.സിയും കേന്ദ്ര മാനവവിഭവ വികസന വകുപ്പും ഏറെ പ്രശംസിച്ചിട്ടുള്ള കേരളത്തിലെ സി. ബി. സി. എസ്. എസ് സമ്പ്രദായം അട്ടിമറിക്കാൻ വേണ്ടി കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ഉപയോഗിക്കുന്നതിൽ പ്രതിഷേധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ വിളിച്ചുചേർത്ത ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെ യോഗത്തിൽ നിന്ന് എ. കെ. പി.സി.ടി. എ, എ. കെ. ജി.സി.ടി അംഗങ്ങൾ ഇറങ്ങിപ്പോവുകയും യോഗം നടന്ന പ്രിയദർശിനി ഹാളിനു മുമ്പിൽ പ്രതിഷേധ പ്രകടനവും ധർണ്ണയും നടക്കുകയും ചെയ്തു.

# സെക്രട്ടേറിയററ് മാർച്ച്

## 2012 നവംബർ 22



പെൻഷൻ പദ്ധതി ഇല്ലാതാക്കാനും തസ്തികകൾ വെട്ടിക്കുറയ്ക്കാനും നിയമന നിരോധനം നടപ്പാക്കാനുമുള്ള തീരുമാനങ്ങൾക്കെതിരെ കേരളത്തിലെ ജീവനക്കാരും അധ്യാപകരും ജനുവരി 8 മുതൽ ആരംഭിച്ച അനിശ്ചിതകാല പണിമുടക്കിന് മുന്നോടിയായി സെക്രട്ടറിയേററിലേക്ക് നടത്തിയ മാർച്ച് സർക്കാരിന് താക്കീതായി. സെക്രട്ടറിയേററിന് മുന്നിൽ ചേർന്ന യോഗം ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ എ. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ജീവനക്കാരും അധ്യാപകരും ഒപ്പിട്ട ഭീമഹർജി തുടർന്ന് നേതാക്കൾ സർക്കാരിന് സമർപ്പിച്ചു.

# നിയമസഭാ മാർച്ച്

*ഉന്നതവിദ്യാഭ്യാസം സംരക്ഷിക്കൂ* എന്ന മുദ്രാവാക്യം ഉയർത്തി ഉന്നത വിദ്യാഭ്യാസ സംരക്ഷണ സമിതി 2012 ഡിസംബർ 20 ന് നിയമസഭ മാർച്ച് നടത്തി ജാതിമത ശക്തികളും കച്ചവടക്കാരും ചേർന്ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം കൈയടക്കിയിരിക്കുകയാണെന്ന് സി. പി. ഐ (എം)പൊളിററ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു . യു.ഡി. എഫ് സർക്കാർ വന്നതോടെ ഉന്നത വിദ്യാഭ്യാസമേഖല വാണിജ്യ ശക്തികൾക്ക് തീറെഴുതാൻ തീരുമാനിക്കുകയായിരുന്നു. സർവ്വകലാശാലകളുടെ ജനാധിപത്യം സർക്കാർ തകർക്കാൻ വിവിധ പദ്ധതികൾ നടപ്പാക്കുന്നുവെന്ന് കോടിയേരി പറഞ്ഞു. എൽ. ഡിഎഫ് കൺവീനർ



വൈക്കം വിശ്വൻ വി. ശിവൻകുട്ടി എം. എൽ. എ പ്രൊഫ. പി. രഘുനാഥ്, ഡോ. കെ. എൻ. വിവേകാനന്ദൻ, പ്രൊഫ. കെ. ജയകുമാർ ഡോ. എ. ആർ. രാജൻ, എസ്. പി. ദീപക്, ജോൺ സെബാസ്ററ്യൻ, കെ. എസ്. സുനിൽകുമാർ, കെ. സുനിൽകുമാർ, ടി. പി. ബിനീഷ്, ആർ. എസ്. ബാലമുരളി എന്നിവർ സംസാരിച്ചു.

ജില്ലാ വാർത്ത

കണ്ണൂർ-കാസർഗോഡ്

# എ.കെ.പി.സി.ടി.എ വനിതാ കൺവെൻഷൻ




എ കെ പി സി ടി എ കണ്ണൂർ കാസർഗോഡ് ജില്ലാ വനിതാ കൺവെൻഷൻ ജനുവരി 5 ന് എൻ ജി ഒ യൂണിയൻ ഹാളിൽ നടന്നു. രണ്ടു സെഷനുകളിലായി നടന്ന കൺവെൻഷൻ കേന്ദ്ര കമ്മിററിയംഗം ശ്രീമതി. എൻ. സുകന്യ ഉദ്ഘാടനം ചെയ്തു. ആഗോളവൽക്കരണം, സ്ത്രീ, സമൂഹം എന്ന വിഷയത്തിൽ ചർച്ച നടത്തി. എ കെ പി സി ടി എ വനിതാ സബ് കമ്മിററി ജില്ലാ കൺവീനർ ടി പി നഫീസാ ബേബി സ്വാഗതം പറഞ്ഞ ചടങ്ങിൽ ഡോ. കെ സുധ അധ്യക്ഷയായിരുന്നു. ടി.ജിജി കുമാരി നന്ദി പറഞ്ഞു.

രണ്ടാമത്തെ സെഷനിൽ കെ എസ് ടി എ സംസ്ഥാന കമ്മിററിയംഗം ശ്രീമതി എ കെ ബീന സ്ത്രീ, സംഘടന എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. പി.സോന സ്വാഗതം പറഞ്ഞു. ടി.പി നഫീസാബേബി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഷീലാമ്മ മാത്യു നന്ദി പറഞ്ഞു.

# ഡൽഹി സംഭവത്തിൽ കാമ്പസ്സിന്റെ പ്രതിഷേധം

ഡൽഹി സംഭവത്തിൽ പ്രതിഷേധിച്ച് വിവിധ കോളജുകളിൽ പ്രതിഷേധ കൂട്ടായ്മകൾ സംഘടിപ്പിച്ചു. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ രാജ്യത്ത് വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരെയാണ് പ്രതിഷേധ കൂട്ടായ്മയും പ്രതിജ്ഞ ചൊല്ലലും നടന്നത്. വിവിധ കോളജുകളിലെ വിദ്യാർത്ഥി യൂണിയൻ, എൻ എസ് എസ് യൂണിററുകൾ, വനിതാവേദി, എ കെ പി സിടി എ, എസ് എഫ് ഐ എന്നിവയാണ് കൂട്ടായ്മ സംഘടിപ്പിച്ചത്.

പയ്യന്നൂർ കോളജിൽ പി സോന, വി കെ നിഷ, പ്രൊഫ. കെ ജനാർദ്ദനൻ, പി പി അനിഷ, എൻ കെ സജിൻ എം കാവ്യ എന്നിവർ പ്രസംഗിച്ചു. കാഞ്ഞങ്ങാട് എൻ എ എസ് കോളജിൽ വി കുട്ട്യൻ, വി വി പുരുഷോത്തമൻ, ഡോ. ജയശ്രീ, സോ. സുധ, ഡോ. എ മുരളീധരൻ, ഡോ. ടി എം സുരേന്ദ്രനാഥ് വി.വി.പ്രജിത്ത് സംസാരിച്ചു. ഇരിട്ടി എം ജി കോളജിൽ പ്രിൻസിപ്പൽ ഡോ. എം ജെ മാത്യു, പ്രമോദ് വെള്ളച്ചാൽ, ഡോ. വി അജിത, അരുൺ ജോസഫ് എന്നിവർ സംസാരിച്ചു. രാജപുരം സെൻറ് പയസ് കോളജിൽ നടന്ന കൂട്ടായ്മയിൽ പ്രിൻസിപ്പൽ ഡോ. സി കെ ലൂക്കോസ്, ടി ജിജി കുമാരി എന്നിവർ പ്രസംഗിച്ചു. ശ്രീകണ്ഠപുരം എസ് ഇ എസ് കോളജിൽ ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനിഷ് മനക്കാട് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ടെസ്സി കെ ജോർജ്ജ്, നിധീഷ്, ലിജിന, വൈഷ്വ്, അരുൺ. ആർ ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു . സർസയ്യിദ് കോളജിൽ രത്നമ്മ തുണോളി, ടി പി നഫീസാബേബി, ഡോ. പി ടി അബ്ദുൾ അസീസ്, പ്രിൻസിപ്പൽ ഡോ. ഖലീൽ ചൊവ്വ, വി പി അബ്ദുള്ളക്കുട്ടി, ടി വി പുരുഷോത്തമൻ, മുഹമ്മദ് ആഷിഖ്, അമൃത, സുഹാമ, അശ്വതി എന്നിവർ സംസാരിച്ചു. കേയി സാഹിബ് കോളജിൽ പ്രിൻസിപ്പൽ ടി പി അഷ്റഫ്, മിനി സി തരകൻ, നൗഷാദ്, രേഷ്മ, കെ അബ്ദുൾ റഹ്മാൻ എന്നിവർ സംസാരിച്ചു. കണ്ണൂർ എസ് എൻ കോളജിൽ പി കെ ശശീന്ദ്രൻ , ഡോ. എൻ സാജൻ, ഡോ. അരവിന്ദൻ താരമ്മേൽ എന്നിവർ സംസാരിച്ചു. കല്ലിക്കണ്ടി എൻ എ എം കോളജിൽ ഡോ. എം കെ മധുസൂദനൻ, ഡോ. ജോയ്‌വർക്കി, ഡോ . ടി മജീഷ്, പ്രിയാനായർ, ഡോ. മുനീറാ ബീവി, ഡോ . എ സത്യനാരായണൻ, എം വി ജോസ് എന്നിവർ പ്രസംഗിച്ചു. മടമ്പം പി കെ എം കോളജിൽ പ്രിൻസിപ്പൽ ഡോ. ബാബു കൊച്ചാംകുന്നേൽ ഉദ്ഘാടനം ചെയ്തു . തുടർന്ന് സെമിനാർ നടന്നു. മട്ടന്നൂർ പി ആർ എൻ എസ് എസ് കോളജിൽ ഡോ. കെ. പ്രദീപ്കുമാർ, ഡോ. പി. പി.ലക്ഷ്മണൻ, ഡോ.സുനിതാനായർ എന്നിവർ കൂട്ടായ്മയിൽ സംസാരിച്ചു.

# ഉന്നത വിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ



കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് നടന്ന ഉന്നത വിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ സി പി ഐ (എം) ജില്ലാ സെക്രട്ടറി പി ജയരാജൻ ഉദ്ഘാടനം ചെയ്തു. സർവ്വകലാശാലകളുടെ സ്വയംഭരണം തകർക്കുന്ന സർക്കാർ നിലപാട് തിരുത്തണമെന്നാവശ്യപ്പെട്ട് ഡിസംബർ 20 ന് നടന്ന നിയമസഭാ മാർച്ചിന് മുന്നോടിയായിട്ടാണ് എല്ലാ സർവ്വകലാശാലകളിലും കൂട്ടായ്മ നടന്നത്.

എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി ഡോ . കെ പ്രദീപ്കുമാർ അധ്യക്ഷത വഹിച്ചു. എ കെ ജി സി ടി സംസ്ഥാന സെക്രട്ടറി ഡോ. എ വത്സലൻ, കെ യു ടി സി ജനറൽ സെക്രട്ടറി ഡോ. പി. ബാബു ആന്റോ, എസ് എഫ് ഐ സംസ്ഥാന കമ്മിററിയംഗം പി പ്രശോഭ്, ഡി വൈ എഫ് ഐ സംസ്ഥാന കമ്മിററിയംഗം കെ. ഗണേശൻ എന്നിവർ പ്രസംഗിച്ചു.

എ കെ ജി സി ടി സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി ഓമന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കണ്ണൂർ സർവ്വകലാശാല എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് കെ. പി സുധീർചന്ദ്രൻ സ്വാഗതവും ജനറൽ സെക്രട്ടറി പി ജെ സാജു നന്ദിയും പറഞ്ഞു

# കോളജധ്യാപകരുടെ കുടുംബസംഗമവും അനുമോദനവും





എ കെ പി സി ടി എ കണ്ണൂർ കാസർഗോഡ് ജില്ലാ കമ്മിററി കുടുംബസംഗമവും അനുമോദന യോഗവും പറശ്ശിനിക്കടവ് വിസ്മയ പാർക്കിൽ നടത്തി. കണ്ണൂർ സർവ്വകലാശാല മികച്ച കോളജധ്യാപകർക്ക് നൽകുന്ന ഡോ. പി കെ രാജൻ മെമ്മോറിയൽ അവാർഡ് നേടിയ ഡോ. കെ സുധ, ഡോ. അംബികാസുതൻ മാങ്ങാട് എന്നിവർക്കും എസ് എഫ് ഐ അഖിലേന്ത്യാ പ്രസിഡണ്ട് ഡോ. വി ശിവദാസനും സ്വീകരണം നൽകി. സമ്മേളനം ജയിംസ് മാത്യൂം എം എൽ എ ഉദ്ഘാടനം ചെയ്തു. കണ്ണൂർ സർവ്വകലാശാല പ്രോ. വൈസ് ചാൻസലർ ഡോ. എ പി കുട്ടികൃഷ്ണൻ പുരസ്കാരങ്ങൾ നൽകി. ജില്ലാ പ്രസിഡൻറ് കൃഷ്ണൻ വണ്ണാരത്ത് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. പി മമ്മർ, സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ്കുമാർ, ഡോ. കെ. സുധ, ഡോ. വി ശിവദാസൻ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി എ നിശാന്ത് സ്വാഗതവും ജില്ലാ വനിതാ കൺവീനർ ടി പി നഫീസാ ബേബി നന്ദിയും പറഞ്ഞു.

തുടർന്ന് അധ്യാപകരുടെയും കുടുംബാംഗങ്ങളുടെയും കലാപരിപാടികൾ നടന്നു. ഡോ. ജയിംസ് പോൾ, ഡോ. പി വി രവീന്ദ്രൻ, പി. കിഷോർകുമാർ, ഡോ. കെ അജയകുമാർ എന്നിവർ പരിപാടികൾക്കും കുടുംബ സംഗമത്തിനും നേതൃത്വം നൽകി.

# എ കെ പി സി ടി എ സമര കൺവെൻഷൻ



എ കെ പി സി ടി എ കണ്ണൂർ കാസർഗോഡ് ജില്ലാ സമര കൺവെൻഷൻ ജനുവരി 5 ന് ഉച്ചക്ക് എൻ ജി ഒ യൂണിയൻ ഹാളിൽ നടന്നു. പങ്കാളിത്ത പെൻഷനെതിരെയുള്ള സമര കൺവെൻഷൻ കെ എസ് ടി എ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിററിയംഗം കെ സി ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എൻ ജി ഒ യൂണിയൻ ജില്ലാ സെക്രട്ടറി സി എച്ച് പ്രദീപ് കുമാർ, എ കെ പി സി ററി എ സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ് കുമാർ, എ കെ പി സി ടി എ സംസ്ഥാന കമ്മിററിയംഗം വി കരുണാകരൻ, ഡോ. പി വി രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. എ കെ പി സി ടി എ ജില്ലാ സെക്രട്ടറി എ നിശാന്ത് സ്വാഗതം പറഞ്ഞു. എ കെ പി സി ടി എ ജില്ലാ പ്രസിഡണ്ട് കൃഷ്ണൻ വണ്ണാരത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ പി കിഷോർ കുമാർ നന്ദി പറഞ്ഞു. മുഹമ്മദ് ആഷിഖ്. അമൃത, അശ്വതി എന്നിവർ സംസാരിച്ചു. കേയി സാഹിബ് കോളജിൽ പ്രിൻസിപ്പൽ ടി പി അഷ്റഫ്, മിനി സി തരകൻ, നൗഷാദ്, രേഷ്മ, കെ അബ്ദുൾ റഹ്മാൻ എന്നിവർ സംസാരിച്ചു. കണ്ണൂർ എസ് എൻ കോളജിൽ പി കെ ശശീന്ദ്രൻ, ഡോ. എൻ സാജൻ, ഡോ. അരവിന്ദൻ താരേമ്മൽ എന്നിവർ സംസാരിച്ചു. കല്ലിക്കണ്ടി എൻ എ എം കോളജിൽ ഡോ. എം കെ മധുസൂദനൻ, ഡോ. ജോയ്‌വർക്കി, ഡോ. ടി മജീഷ്. പ്രിയാനായർ, ഡോ. മുനീറാ ബീബി, ഡോ. എ സത്യനാരായണൻ, എം വി ജോസ് എന്നിവർ പ്രസംഗിച്ചു. മടമ്പം പി കെ എം കോളജിൽ പ്രിൻസിപ്പൽ ഡോ. ബാബു കൊച്ചാംകുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് സെമിനാർ നടന്നു. മട്ടന്നൂർ പി ആർ എൻ എസ് എസ് കോളജിലും കൂത്തുപറമ്പ് നിർമലഗിരി കോളജിലും വ്യാഴാഴ്ചയാണ് കൂട്ടായ്മ നടന്നത്.

മലപ്പുറം

# എ കെ പി സി ടി എ അക്കാദമിക് സെമിനാർ




എ.കെ.പി.സി.ടി.എ മലപ്പുറം ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ എം.ഇ.എസ് കെ.വി.എം കോളജിൽ വച്ച് ബിരുദതല പുനഃസംഘാടനവും ഹൃദയകുമാരി കമ്മിററി റിപ്പോർട്ടും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദ് സെമിനാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന അക്കാദമിക് കമ്മിററി കൺവീനർ ഡോ. യു. ഹേമന്ത് കുമാർ വിഷയം അവതരിപ്പിച്ചു. ഹൃദയകുമാരി കമ്മിററിയുടെ കണ്ടെത്തലുകൾ മുൻവിധിയോട് കൂടിയതാണ്. ആ റിപ്പോർട്ട് സർക്കാർ ചർച്ചകൂടാതെ ഏകപക്ഷീയമായി അംഗീകരിച്ചതിൽ സെമിനാർ പ്രതിഷേധം രേഖപ്പെടുത്തി. അപാകതകൾ പരിഹരിച്ച് ക്രഡിററ് ആൻറ് സെമസ്ററർ സമ്പ്രദായം മുന്നോട്ടുകൊണ്ടുപോകണമെന്ന് സെമിനാറിൽ ആവശ്യം ഉയർന്നു. ഡോ. കെ. കെ. ബാലചന്ദ്രൻ, ഡോ. ഹുസൈൻ രണ്ടത്താണി, ഡോ. രഞ്ജിത്, കെ. ബാബുരാജൻ, ഡോ. കെ. ബാലകൃഷ്ണൻ. എ. എം. പി ഹംസ, ഡോ. പി.കെ. ശ്രീധരൻ തുടങ്ങിയവർ സംസാരിച്ചു. ജില്ലാ പ്രസിഡൻറ് ഡോ. പി. സായൂദേവിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ സെക്രട്ടറി ഡോ. സി. അബ്ദുൾ മജീദ് സ്വാഗതവും ഡോ. എം. പി. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

എറണാകുളം

എറണാകുളം ജില്ല വനിതാ കൺവെൻഷൻ 2013 ജനുവരി 19 ശനിയാഴ്ച രാവിലെ 10 മണിക്ക് കോലഞ്ചേരി സെൻറ് പീറേറഴ്സ് കോളജിൽ വച്ച് മുൻ എം.പി. സി.എസ്.സുജാത ഉദ്ഘാടനം ചെയ്തു. തൃതല പഞ്ചായത്ത് ഭരണസംവിധാനത്തിൽ 50 ശതമാനം വനിതാസംവരണം നടപ്പിലാക്കിക്കൊണ്ട് ലോകത്തിനു മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളമെന്ന് അവർ ചൂണ്ടിക്കാട്ടി. നാളിതുവരെയുള്ള പോരാട്ടങ്ങൾ സ്ത്രീകളുടെ പദവി നിർണ്ണയിക്കുന്നതിൽ ഗുണകരമായ പങ്കുവഹിച്ചിട്ടുണ്ട് എങ്കിലും ഇന്ത്യയിലെ മററ് പല സംസ്ഥാനങ്ങളിലും സ്ത്രീകളെ ഇരയായി കണ്ട് വേട്ടയാടുകയാണ്. സ്ത്രീകളുടെ ജീവിതം കൂടുതൽ അരക്ഷിതമാവുകയാണെന്ന് അവർ പറഞ്ഞു. എ. കെ. പി .സി.ടി.എ സംസ്ഥാന വനിതാസെൽ കൺവീനർ ഡോ. എ. ജി. ഒലീന മുഖ്യപ്രഭാഷണം നടത്തി. എ.കെ. പി. സി.ടി. എ വൈസ് പ്രസിഡൻറ് ഡോ. പി. എസ്. ഗീതാകുമാരി അദ്ധ്യക്ഷയായിരുന്നു. ഏര്യാ സെക്രട്ടറി ഡോ. തോമസ് മാത്യു. ജില്ലാ പ്രസിഡൻറ് പ്രൊഫ. ബഷിപോൾ, ജില്ലാ വനിതാ സെൽ കൺവീനർ പ്രൊഫ. എസ്. ലത, ജില്ലാസെക്രട്ടറി ഡോ. കെ. കൃഷ്ണദാസ് തുടങ്ങിയവർ സംസാരിച്ചു.





## അക്കാദമിക് സെമിനാർ

2013 ജനുവരി 5-ാംതീയതി ശനിയാഴ്ച കാലടി ശ്രീ ശങ്കരകോളജിൽ വച്ച് ജില്ലാ അക്കാദമിക് സെമിനാർ നടന്നു. സംഘടന- ചരിത്രരചന എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ആദ്യ സെഷൻ സംസ്ഥാന അക്കാദമിക് കമ്മിററി കൺവീനർ ഡോ. യു. ഹേമന്ത് കുമാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് എറണാകുളം ജില്ലയിലെ സമരചരിത്രങ്ങളെക്കുറിച്ച് മുൻ നേതാക്കളായ പ്രൊഫ. എം. എ. ജോൺ, പ്രൊഫ. വി. പി. ശിവശങ്കരൻനായർ, പ്രൊഫ. പൗലോസ് എന്നിവർ സംസാരിച്ചു. തുടർന്ന് കേരളത്തിലെ സർവ്വകലാശാലകളിൽ നടപ്പാക്കിയ ക്രെഡിററ് ആൻറ് സെമസ്ററർ സമ്പ്രദായത്തെക്കുറിച്ചുള്ള സെമിനാർ എ. കെ.പി. സി. ടി. എ അക്കാദമിക് കമ്മിററി ചെയർമാൻ ഡോ. കെ. സുകുമാരൻനായർ ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാല ഏര്യാ സെക്രട്ടറി ഡോ. തോമസ് മാത്യു ഗ്രേഡിങിനെക്കുറിച്ച് സംസാരിച്ചു. ജില്ലാ പ്രസിഡൻറ് പ്രൊഫ. ബഷിപോളിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അക്കാദമിക് കമ്മിററി കൺവീനർ ഡോ. സന്തോഷ്കുമാർ സ്വാഗതവും ജില്ലാസെക്രട്ടറി ഡോ. കെ. കൃഷ്ണദാസ് കൃതജ്ഞതയും രേഖപ്പെടുത്തി

കോഴിക്കോട്

### ബിരുദതല പുനഃസംഘാടനവും, ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടും

# അക്കാദമിക് സെമിനാർ




എ.കെ.പി.സി.ടി.എ കോഴിക്കോട് ജില്ല അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബിരുദതല പുനഃസംഘാടനവും, ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടും എന്ന വിഷയത്തിൽ 28-12-12ന് മലബാർ ക്രിസ്ത്യൻ കോളജിൽ വെച്ച് ജില്ലാതല സെമിനാർ നടത്തി. കേരള ത്തിലെ സർവ്വകലാശാലകളിൽ നടപ്പിലാക്കിയ സി.ബി.സി.എസ്.എസ് സമ്പ്രദായം അട്ടിമറിക്കുന്നതിന് വേണ്ടി യുഡിഫ് സർക്കാരും സിൻറിക്കേറ്റുകളും ശ്രമിക്കുന്നതിനെ സെമിനാറിൽ ശക്തിയായി അപലപിക്കുകയുണ്ടായി. അൺ എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനു വേണ്ടി കോഴിക്കോട് സർവ്വകലാശാല സിൻറിക്കേറ്റ് പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും അതാത് കോളജുകളെ ഏൽപ്പിക്കാൻ എടുത്ത തീരു മാനം മാധ്യമങ്ങളിലും പൊതു സമൂഹത്തിലും വലിയ ചർച്ചക്ക് വിധേയമായി. ആ തീരുമാനം ഉടൻ പിൻവലിക്കണമെന്ന് സെമിനാർ ആവശ്യപ്പെട്ടു. സെമിനാർ എ.കെ. പി.സി.ടി.എ സംസ്ഥാനവൈസ് പ്രസിഡൻറും, അക്കദമിക് കമ്മിറ്റി ചെയർമാനുമായ ഡോ.കെ.പി.സുകുമാരൻ നായർ ഉദ്ഘാടനം ചെയ്തു. ഡോ.ഡികെ.ബാബു, ഡോ.യു. ഹേമന്തകുമാർ, ഡോ. എൻ.എം.സണ്ണി എന്നിവർ സംസാരിച്ചു.

KERALA PRIVATE
COLLEGE TEACHER

# സ്ത്രീയും മാധ്യമവും വനിത സെമിനാർ

എ.കെ.പി.സി.ടി.എ കോഴിക്കോട് ജില്ലാ വനിതാ സബ്ബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 12-12-12ന് മലബാർ ക്രിസ്ത്യൻ കോളജിവൽ വെച്ച് സ്ത്രീയും മാധ്യമവും എന്ന വിഷയത്തിൽ ജില്ലാതല വനിതാ സെമിനാർ നടത്തി. സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി സ്ത്രീകൾ കൂടുതലായി മുന്നേട്ട് വരേണ്ടതുണ്ട്. സെമിനാർ ഉദ്ഘാടനം ചെയ്തു കൊണ്ട് കോഴിക്കോട് സർവ്വകലാശാല അധ്യാപക സംഘടന (ആക്ട്)യുടെ പ്രസിഡൻറ് പ്രൊഫ. ഫാത്തിമത്ത് സുഹറ അഭിപ്രായപ്പെട്ടു. സ്ത്രീകൾ എല്ലാ മാധ്യമങ്ങളിലും വിൽപ്പനച്ചരക്കാക്കപ്പെടുകയാണ്.




അതിനെതിരെ സ്ത്രീ സമൂഹം ജാഗ്രത പാലിക്കേണ്ടതാണ്. സമൂഹം കൂടുതൽ സ്ത്രീ സൗഹൃദ പരമാവേണ്ടതാണ്. സെമിനാറിൽ സംസാരിച്ചു കൊണ്ട് അഡ്വ.പി.എം. ആതിര പറഞ്ഞു. ഡോ. എസ്. ശ്രീകുമാരി. ഡോ.ഷീബ പി. എസ് എന്നിവർ സംസാരിച്ചു.

**കോട്ടയം- ഇടുക്കി**

# വിദ്യാഭ്യാസ വനിതാ സെമിനാർ



എ.കെ.പി.സി.ടി.എ വനിത - അക്കാദമിക് കമ്മിററികളുടെ സംയുക്താഭിമുഖ്യത്തിൽ 2013 ജനുവരി 5 ശനിയാഴ്ച തലയോലപ്പറമ്പ് ദേവസ്വംബോർഡ് കോളജിൽ വച്ച് സെമിനാർ നടന്നു. വിദ്യാഭ്യാസമേഖലയിലെ പുരോഗനാത്മകവും വികസനോന്മുഖവുമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന പ്രവണതകളെക്കുറിച്ച് അവബോധം ഉണ്ടാക്കുകയും ചർച്ചചെയ്യുകയുമായിരുന്നു സെമിനാറിൻെറ ലക്ഷ്യം. വനിതാ സെമിനാറിൽ രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ മുഖ്യധാരയിൽ സ്ത്രീ സാന്നിധ്യം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും അവർ അഭിമുഖീകരിക്കേണ്ടിവരുന്ന സ്ത്രീവിരുദ്ധ നിലപാടുകളെ വസ്തുനിഷ്ടമായും ശാസ്ത്രീയമായും വിശകലനം ചെയ്യുക എന്നതായിരുന്നു വനിതാ സെമിനാറിൻെറ ഉദ്ദേശ്യം.

നവോത്ഥാന മൂല്യങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്ന പ്രവണതകളെ ചെറുത്തുതോല്പിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു സെമിനാർ. ഐഫക്ടോയുടേയും എ. കെ. പി. സി.ടിയുടേയും മുൻ പ്രസിഡൻറും കേരള ഹയർ എഡ്യുക്കേഷൻ കൗൺസിൽ മുൻ മെമ്പർ സെക്രട്ടറിയും കൂടിയായ

പ്രൊഫ. തോമസ് ജോസഫ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം മുഖ്യപ്രഭാഷണം നടത്തി.

വനിതാ സെമിനാറിൽ പൊതു വിദ്യാഭ്യാസവും സ്ത്രീകളും എന്ന വിഷയത്തെക്കുറിച്ച് ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം ശ്രീമതി. സോണികോമത്ത് പ്രഭാഷണം നടത്തി. എ. കെ. പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. പി. എസ്. ഗീതാകുമാരി, മുൻ സിൻറിക്കേറ്റംഗം പ്രൊഫ. കെ. രാധാകൃഷ്ണൻ നായർ, ജില്ലാ സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ്, ജില്ലാകമ്മിറ്റിയംഗം ഡോ. പി.കെ.പത്മകുമാർ, പ്രൊഫ. ജോജി അലക്സ് എന്നിവർ സംസാരിച്ചു. ജില്ലാ അക്കാദമിക് കമ്മിറ്റി കൺവീനർ പ്രൊഫ. മോട്ടി തോമസ് സ്വാഗതവും ജില്ലാ വനിതാ കമ്മിറ്റി കൺവീനർ പ്രൊഫ. എസ്. ബീന നന്ദിയും രേഖപ്പെടുത്തി

# യാത്രയയപ്പ്








എം. ജി. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. രാജൻ ഗുരുക്കൾക്കും പ്രൊ. വൈസ് ചാൻസലർ ഡോ. രാജൻ വറുഗീസിനും സർവ്വകലാശാലാ സമൂഹം ഹൃദ്യമായ യാത്രയയപ്പ് നൽകി. 2012 നവംബർ 7ന് ചേർന്ന യാത്രയയപ്പ് സമ്മേളനം ഡോ.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. ഡോ. പി. പി. രവീന്ദ്രൻ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഡോ.കെ.കെ.തോമസ്(സി.പി.എം കോട്ടയം ജില്ലാ സെക്രട്ടറി), അഡ്വ. കെ. സുരേഷ്കുറുപ്പ് എം.എൽ.എ, അഡ്വ. പി.കെ.ഹരികുമാർ, സിൻറിക്കേറ്റംഗം, കേരള സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. ബി.ഇക്ബാൽ, ശിവദാസൻ (എസ്.എഫ്.ഐ), ഡോ. കെ. പി. സുകുമാരൻ (എ. കെ. പി.സി.ടി.എ), ഡോ. കെ. സിദ്ധാർത്ഥൻ (എ.കെ.ജി.സി.ടി.എ), പ്രൊഫ. കെ. സദാശിവൻനായർ (ചെയർമാൻ, സേവ് യൂണിവേഴ്സിറ്റി ഫോറം) ഡോ. ശശികുമാർ (മുൻ സിൻറിക്കേറ്റംഗം) ശ്രീ. കെ. ഷറഫുദ്ദീൻ (എം. ജി. യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ) ശ്രീ. കെ. പത്മകുമാർ, പ്രൊഫ. സുജ സൂസൻ ജോർജ് എന്നിവർ സംസാരിച്ചു. ഡോ. രാജൻ ഗുരുക്കളിന്റെയും ഡോ. രാജൻ വർഗ്ഗീസിന്റെയും നേതൃത്വത്തിൽ എം. ജി. സർവ്വകലാശാലയ്ക്ക് അക്കാദമികവും ഭരണപരവുമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി യോഗത്തിൽ സംസാരിച്ച എല്ലാവരും ചൂണ്ടിക്കാട്ടി. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി ഉന്നതവിദ്യാഭ്യാസ കൗൺസിലും, എൽ. ഡി. എഫ് സർക്കാരും ആവിഷ്കരിച്ച പരിഷ്കാരങ്ങൾ എം. ജി. സർവ്വകലാശാലയിൽ ഏററവും നല്ലരീതിയിൽ നടപ്പാക്കാൻ ഇരുവരും ശ്രമിക്കുകയും വിജയം കൈവരിക്കുകയും ചെയ്തു . സി. ബി. സി എസ് എസ് സമ്പ്രദായം മാ











തൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ നേട്ടമാണ്. സർവ്വകലാശാലയിലെ തങ്ങളുടെ അനുഭവങ്ങളെ സംബന്ധിച്ച് ഇരുവരും ചേർന്ന് രചിച്ച Encounters - A University on Trial എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. ബി. ഇക്ബാൽ തദവസരത്തിൽ നിർവ്വഹിച്ചു.

തിരുവനന്തപുരം

# പ്രതിഷേധ കൂട്ടായ്മ

ഡൽഹിയിൽ ബസ്സിനുള്ളിൽ കൂട്ടബലാത്സംഗത്തിനിരയാക്കി ജ്യോതിയെന്ന പെൺകുട്ടിയെ കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ചും അവസാനിമിഷംവരെ അവൾ ഉയർത്തി പിടിച്ച പോരാട്ട വീര്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും എ.കെ.പി.സി.ടി.എ ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേററു നടയിൽ ജനുവരി 3-ാം തിയതി പ്രതിഷേധകൂട്ടായ്മ സംഘടിപ്പിച്ചു. പ്രമുഖ കവിയും ദേശാഭിമാനി റസിഡൻറ് എഡിറററുമായ പ്രഭാവർമ്മ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പുരോഗമനകലാ സാഹിത്യ സംഘം സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വി.എൻ.മുരളി, എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ.ലേഖാ നരേന്ദ്രൻ, എ.കെ.പി.സി.ടി.എ സം




സ്ഥാന വനിതാ കൺവീനർ എ.ജി.ഒലീന, മുൻ ജില്ലാ വനിതാ കൺവീനർ പ്രൊഫ. ഗംഗ തുടങ്ങിയവർ സംസാരിച്ചു.

GOVERNMENT OF KERALA
HIGHER EDUCATION (C) DEPARTMENT

No. 42646/C3/12friEdn

Thiruvananthapuram
Dated: 02,01,2013

From To
Principal Secretary to Government

I) The Director of Collegiate Education, Thiruvananthapuram,
2) The General Secretary, Kerala Private College Teachers' Association , KPCT A Mandiram,TC~ 25 2814, MBRRA 36, Mathrubhuroi Road, Vanchiyur. Thiruvananthapuram,
3) The General Secretary, All Kerala Private College-Teachers' Association, AKPCTA State Committee Office .Vanchiyoor, Thiruvananthapuram,
4) The General Secretary,Association of Kerala Goverment College Teachers, AKGCTBhavan , Panavrla Junction , Thycadujbiruvanartfhapuranrv
5) The General Secretary. Govt.Coiiege Teachers' Organization, Govt. College for women, Thiruvananthapuram,

Sir,

Sub: Higher Education-.Sixth UGC Pay revision* Anomalies- Minutes o! the meeting held on 24/12/12- forwarding of -Reg

Ref: I) Govt. letter of even no dated 21/12/2012
2) Representation received from various teachers organizations.

I am to forward herewith the approved minutes of the meeting convened by Principal Secretary, Higher Education on 24/12/2012 to discuss the various demads raised by teachers' organizations .on implementation of Sixth UGC Pay revision for information and further follow up action.

Yours faithfully
S.K Radhakrishnan
Under Secretary to Government
(For-Principal Secretary to Government)

---

MINUTES OF THE MEETING HELD ON 24-12-2012 AT 4 PM IN THE CHAMBER OF PRINCIPAL SECRETARY (HIGHER EDUCATION) WITH THE REPRESENTATIVES OF TEACHERS ORGANISATIONS.

(On the basis of the representations received from various Teachers' organizations seeking intervention of Govememt on the issues relating to the implementation of 6th UGC package, Principal Secretary, Higher Education has convened a joint meeting on 24.12.2012 The Director of Collegiate Education , Additional Director of Collegiate Education and representatives ol teachers service organisations attended the meeting

***The meeting discussed the major issues in the matter and took the following decisions***

1. On the basis of the direction ol Hon'hie High Court of Kerala, it was decided to hear the petitioners/ teachers union representatives with regard to due minimum standard-and procedures for award of PhD) Degree and sanctioning of advance increments as per VIth UGC pay revision. The UGC may ) also be addressed for Clarification on question of sanctioning oi advace increments as per the 6th UGC Scheme,
2. It was decided to issue a clarification note on granting ot one advance increment o all M Phil Degree holders in service irrespective of the period of acquiring the same,
3. It was I that those who are possessing pose graduate degree in a professional course (relevent discipline) as the entry level, the benefit of 2 non-compounded advance increments will be as per *6* as per existing Govt.Order
4. It was decided to issue a separate Government Order in respect of a single faculty department with work-load of 6 hours to 8 hours.
5. Director of Collegiate Education was instructed to submit the final statement wing die UGC arrears (under Scheme V & VI) to be claimed from UGC within a week, re by 31.12..2012.
6. If was resolved that no separate Government orders are necessary to clarify the issue regarding sanctioning oi advance incements to those who acquired Phd) between L1.2006 to 31.8.2008.
7. It was resolved to expenditure the steps m th Proposal for amendment of special rules formulating the Career Advancement Norms- Steps will he taken to constitute Screening committee. Government / University level Screening committed will be formed lot screening of teachers for placement to Associate professor and Piofessoi Posts accordingly.

8. The Director of Collegiate Education was directed lo submit the proposal of Career Advancement Schemes by January 2013.
9. date of their appointment including arrears, if any. Guest faculty who qualifies the NET after appointm ent are also eligible for the benefits of the relevant G.O's w.e.f the date of qualifying the NET, including the arrears if any.
10. Director Collegiate Education was directed to submit the report on the issue of denial annual increment fell due from 2.1.2006 to 30.6.2006.
11. Follow up action will be taken in the proposal regarding setting up of Dy. Director's (DD) office at Kannuar.
12. It was clarified that insisting of NET in computer Science and M.Sc. Electornics will have prospective effect only.
13. Follow up action will be taken inrespect of classification of UG Colleges and PG Colleges according to decision taken in the previous meeting in this regard.
14. It was decided to request the DCE to submit the proposal immediately for the creation of Professor post in colleges.
15. It was resolved issue orders the special allowance of Additional Director of Collegiate Education @ 4000/- p.m as per the decision taken in the previous meeting with the Teachers Association by the Principal Secretary.

The meeting came to an end 6 p.m.

## List of Participants

1. K. Ajayakumar IAS, DCE
2. Dr. P.K. Velayudhan , Addl. DCE
3. S. Ajikumaran, Addl. Secretary Higher Education
4. George Chacko, Dy. Secretary Higher Education
5. Dr. K. Sreevalsan AKPCTA
6. Mohanakrishnan.R. AKPCTA
7. Dr. K.L. Vivekandan AKPCTA
8. Dr. K. Jayakumar AKGCT
9. S. Sudharsanan Pillai AKGCT

---

University Grants Commission
Bahadur Shah Zafar Marg
New Delhi 110002

SPEED POST

Decembers 2012

No.I-2/2009(EG/PS)Pt.VIII

The Registrar,
All Universities
The Education Secretaries
All State Governments and Union territories

Sub:- Regarding the Extension of the date upto 30th December, 2013 for participation in Orientation/Refresher courses in respect of Teachers/Assistant Registrar/Assistant University Librarian/College Librarian/Deputy Librarian/Assistant Directorl of Physical Education/College Director of Physical Education for placement/promotion under Career Advancement Scheme.

Sir/Madam,

I am directed to inform you that the issue of participation in refresher courses in respect of eligible Teachers/Assistant Registrar/Assistant University Librarian/College Librarian/ Deputy Librarian/Assistant Director of Physical Education/College Director of Physical Education for placement/promotion under . Career Advancement Scheme was considered in the Commission. It has been decided that the date for participation in Orientation/Refresher Courses in respect of aforementioned post/cadres stands extended upto 31-12-2013 for the purposes of Career Advancement scheme.

This is for your information and necessary action.

The contents of this letter may also be brought in to the notice of all the affliated colleges/institutions under your jurisdiction please.

Yours faithfully,

**Satish Kumar**
Under Secretary

# ഫ്ളാഷ് ബാക്ക്

### തുല്യജോലിയ്ക്ക് തുല്യവേതനം



1961 ൽ എ.കെ.പി.സി.ടി.എ കോൺവൊക്കേഷൻ വേഷത്തിൽ
സെക്രട്ടേറിയററിനു മുന്നിൽ നടത്തിയ പ്രകടനം

## പാരിററിയ്ക്കുവേണ്ടി സമരം ചെയ്യാൻ തയ്യാർ



ഗവർമെൻറ് കോളജ് അധ്യാപകരുമായി ശമ്പളതുല്യത എന്ന ആവശ്യം, ശമ്പളത്തിന്റെ കാര്യത്തിൽ നാം മുന്നോട്ടുവെച്ചവയിൽ ആദ്യത്തേതായിരുന്നു. ഒരേ കമ്പോളത്തിൽ രണ്ടുതരം കച്ചവടം എന്ന അനീതിക്കെതിരായി നാം നടത്തിയ ദീർഘകാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ ശമ്പളക്കാര്യത്തിൽ സർക്കാരിനുകൂടി താല്പര്യമുള്ള ഗ്രാന്റ് - ഇൻ - എയ്ഡ് കോഡ് എന്ന സമ്പ്രദായം നിലവിൽ വന്നു. ഗവർമെൻറ് കോളജുകളിൽ അതതു കാലങ്ങളിൽ ഉണ്ടാകുന്ന ശമ്പളവർദ്ധനവ് ഗ്രാന്റ് - ഇൻ - എയ്ഡ് കോഡിൽ വേണ്ട മാററങ്ങൾ വരുത്തി നമുക്കും ബാധകമാക്കുന്ന ഒരു നയം ഗവർമെൻറ് സ്വീകരിച്ചു.

1964ലെ എ.കെ.പി.സി.ടി.എ കോട്ടയം കൺവെൻഷനിൽ
പ്രൊഫ. മുണ്ടശ്ശേരി സംസാരിക്കുന്നു.



# കാലിക്കററ് സർവ്വകലാശാല സെനററ് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന
# എ.കെ. പി.സി.ടി. എ സ്ഥാനാർത്ഥികൾ

| ER. No. | Candidate | |
|---|---|---|
| 21 | **Dr.Abdul Majeed. C**<br>Unity Women's College, Manjeri |  |
| 310 | **Dr.Aneesh M.H**<br>PSMO College, Tirurangadi |  |
| 674 | **Dr.Joshy C.L.**<br>St. Thomas College, Thrissur |  |
| 949 | **Bindu. R**<br>SKV College, Thrissur |  |
| 1244 | **Gopalakrishnan. K**<br>MES Kalladi College, Mannarkkad |  |
| 1460 | **Savitha Namboodiri**<br>V.T.B College, Sreekrishnapuram |  |
| 1491 | **Dr. Jobi.K. Jose**<br>St. Joseph's College, Devagiri |  |
| 1968 | **Dr.Babu D.K.**<br>Zamorin's Guruvayoorappan College<br>Kozhikode |  |

| ER. No. | Candidate | |
|---|---|---|
| 152 | **Dr.Sreedharan T.K**<br>MES College, Ponnani |  |
| 532 | **Dr. Firoze P.S**<br>SN College, Nattika |  |
| 789 | **Dr.Aravind B.P**<br>Christ College, Irinjalakuda |  |
| 1133 | **Dr. Sudhakaran V.K**<br>NSS College, Ottapalam |  |
| 1313 | **Dr. Suresh P.R**<br>NSS Engg. College, Palakkad |  |
| 1563 | **Dr. Abdul Majeed K.C**<br>Farook College, Farook |  |
| 1862 | **Dr.Godwin Samraj D.P**<br>Malabar Christian College<br>Kozhikkode |  |

## ഇവരെ വിജയിപ്പിക്കുക
## എ.കെ.പി.സി.ടി.എ സിന്ദാബാദ്

R.No. 36025/81
No. 239
KERALA PRIVATE COLLEGE TEACHER
Registered No. KL/TV (N)35/2012-2014
Rs. 11/- February 2013

*With best compliments from*

**books point**

***(Book Sellers & Library Suppliers)***

Eanikkara, Karakulam P.O.
Trivandrum. Kerala-695564, Mob: 9847772013
Email: santhoshbokkspoint@yahoo.co.in

**SCHOOL BOOKS, MEDICAL, ENGINEERING, NURSING, MANAGEMENT & LIBRARY REFERENCE BOOKS**

*With best compliments from*

**dreamtech**

**PUBLISHERS & BOOK SELLERS (LIBRARY SUPPLIERS)**

GNRA 11, TC 25/46-1, Devi Lane
Near Gandhari Amman Kovil, Thiruvananthapuram - 1
dreamtechbooks@yahoo.co.in, dreamtechbooks@gmail.com
Phone: 09349895337, 0471- 3257554

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar